بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാള്യം
1

വാർഷിക വരിസംഖ്യ
300 രൂപ

ലക്കം
40

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ഡിസംബർ 08/ഹി:ശം:1395 ഫത്ഹ് 08/ഹി:ഖ: 1438 റ: അവ്വൽ 07

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ നവംബർ 04ന് മസ്ജിദ് മഹ്മൂദ് റെജായ്ന, കാനഡയിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**അബ്ദുല്ലാ ആഥിമിനെ സംബന്ധിച്ചും അഹ്മദ് ബേഗിനെ സംബന്ധിച്ചും അയാളുടെ ജാമാതാവിനെ സംബന്ധിച്ചുമുള്ള രണ്ടുപ്രവചനങ്ങളും നിബന്ധനയോടു കൂടിയുള്ളതായിരുന്നുവെന്ന് നൂറുക്കണക്കിന് പ്രാവശ്യം വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്.**

**ഏ അജ്ഞനായ മനുഷ്യാ! നിനക്ക് യൂനുസിന്റെ സംഭവം അറിയില്ലേ. അതിനെക്കുറിച്ച് വിശുദ്ധഖുർആനിൽ ഉണ്ടല്ലോ. യൂനുസിന്റെ പ്രവചനത്തിൽ ഒരു നിബന്ധനയുമുണ്ടായിരുന്നില്ല. എന്നിട്ടും പശ്ചാത്താപവും പാപപ്പൊറുതി തേടലും കൊണ്ട് അദ്ദേഹത്തിന്റെ ജനത രക്ഷപ്പെട്ടു. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജനത തീർച്ചയായും നാൽപതു ദിവസത്തിനുള്ളിൽ നശിച്ചൊടുങ്ങുമെന്നത് ദൈവത്തിന്റെ ഖണ്ഡിതമായ വാഗ്ദാനമായിരുന്നു. എന്നാൽ, ഈ പ്രവചനമനുസരിച്ച് നാൽപത് ദിവസത്തിനുള്ളിൽ അവർ മരിച്ചോ? അതിരുവിട്ട് എന്തിനാണ് ദ്രോഹം കാണിക്കുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"മൊത്തത്തിൽ ചർച്ചയ്ക്ക് അർഹമായിട്ടുള്ള കാര്യങ്ങളിലൊന്ന് അബ്ദുൽ ഹക്കീം ഖാൻ തന്റെ 'അൽമസീഹുദ്ദജ്ജാൽ' എന്ന ലഘുലേഖയിൽ മറ്റു എതിരാളികൾ ചെയ്യുന്നതുപോലെ പൊതുജനങ്ങളെ വഞ്ചിക്കാൻ ആഗ്രഹിക്കുകയാണ്. അതായത് എന്റെ പ്രവചനങ്ങളെല്ലാം തെറ്റായിത്തീർന്നു എന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ്. അബ്ദുല്ല ആഥിമിനെക്കുറിച്ച് ഞാൻ ചെയ്ത പ്രവചനം, അഹ്മദ് ബേഗിന്റെ ജാമാതാവിനെക്കുറിച്ചുള്ള പ്രവചനം, മൗലവി മുഹമ്മദ് ഹുസയ്ൻ ബഠാലവിയെക്കുറിച്ചുള്ള പ്രവചനം, അദ്ദേഹത്തിന്റെ ചില ബന്ധുക്കളെക്കുറിച്ചുള്ള പ്രവചനങ്ങളെല്ലാം വിവരിച്ചുകൊണ്ട് അതൊന്നും പൂർത്തിയായിട്ടില്ലെന്ന് അയാൾ വീരവാദം മുഴക്കുന്നു. എന്നാൽ, ഈ പ്രവചനങ്ങളെ സംബന്ധിച്ച് അവ അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ച് പൂർത്തിയായി കഴിഞ്ഞുവെന്ന് ഞാൻ പലപ്രാവശ്യവും എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. അബ്ദുല്ലാ ആഥിമിനെ സംബന്ധിച്ചും അഹ്മദ് ബേഗിനെ സംബന്ധിച്ചും അയാളുടെ ജാമാതാവിനെ സംബന്ധിച്ചുമുള്ള രണ്ടുപ്രവചനങ്ങളും നിബന്ധനയോടു കൂടിയുള്ളതായിരുന്നുവെന്ന് നൂറുക്കണക്കിന് പ്രാവശ്യം വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. സത്യത്തിലേക്ക് മടങ്ങിയില്ലെങ്കിൽ പതിനഞ്ച് മാസത്തിനുള്ളിൽ അയാൾ നശിക്കുമെന്ന വാക്കുകളാണ് അബ്ദുല്ല ആഥിമിനെ സംബന്ധിച്ച പ്രവചനത്തിലുള്ളത്. അല്ലാതെ ബാഹ്യമായ നിലയിൽ മുസ്ലിമും ആകണമെന്നുള്ള നിബന്ധനയൊന്നും അതിലുണ്ടായിരുന്നില്ല. മടങ്ങുക എന്ന പദം മനസ്സുമായി ബന്ധം വെക്കുന്നതാണ്[1]. 60, 70 ആളുകളോ അല്ലെങ്കിൽ അതിനെക്കാൾ കുറച്ച് കൂടുതലോ കുറവോ ആളുകളുണ്ടായിരുന്ന ആ മജ്ലിസിൽ പ്രവചനം കേട്ടതിനുശേഷം അയാൾ പശ്ചാത്തപിച്ച് മടങ്ങിയ ലക്ഷണങ്ങൾ നേരിൽ കാണുകയുണ്ടായി. അതായത് താങ്കൾ നമ്മുടെ നബി(സ) തിരുമേനിയെ താങ്കളുടെ ഗ്രന്ഥത്തിൽ ദജ്ജാലെന്ന് പറഞ്ഞിരിക്കുന്നുവെന്നും അതിനുള്ള ശിക്ഷ എന്ന നിലയിലാണ് ഈ പ്രവചനമെന്നും പതിനഞ്ച് മാസത്തിനുള്ളിൽ താങ്കളുടെ ജീവിതം അവസാനിക്കുമെന്നും പറഞ്ഞപ്പോൾ അയാൾ ആകെ വിളറിപ്പോയി. അയാൾ തന്റെ നാവ് വെളിയിലേക്ക് നീട്ടി, ഇരുകൈകളും ചെവിയിൽ വെച്ചുകൊണ്ട് ഉച്ചത്തിൽ താൻ ഒരിക്കലും നബി തിരുമേനി(സ)യെ ദജ്ജാൽ എന്ന് വിളിച്ചിട്ടില്ലെന്ന് പറഞ്ഞു . ആ മജ്ലിസിൽ മുസ്ലിംകളിൽനിന്നുള്ള അമൃത്സറിലെ ഒരു നേതാവുമുണ്ടായിരുന്നു. അയാളുടെ പേര് യൂസുഫുശാഹ് എന്നാണെന്ന് തോന്നുന്നത്. ഒരുപാട് ക്രിസ്ത്യാനികളും മുസ്ലിംകളുമുണ്ടായിരുന്നു. പ്രത്യേകിച്ച് ക്രിസ്ത്യാനികളിൽനിന്ന് ഡോക്ടർ മാർട്ടിൻ ക്ലർക്കും ഉണ്ടായിരുന്നു. അയാളാണ് പിന്നീട് എന്റെ മേൽ വധോദ്യമ കേസ് കൊടുത്തത്. ഇവർ എല്ലാവരേയും കൊണ്ട് സത്യം ചെയ്യിച്ച് ഈ സംഭവം അന്നുണ്ടായതാണോ എന്ന് ചോദിക്കാവുന്നതാണ്. വാസ്തവത്തിൽ ഈ വാക്കുകൾ അബ്ദുല്ലാ ആദമിന്റെ വായിൽനിന്ന് പുറപ്പെട്ടതാണെങ്കിൽ അത് വികൃതിത്തരത്തിന്റേയും ദ്രോഹത്തിന്റേയും വാക്കുകളായിരുന്നോ അതോ താഴ്മയുടേയും എളിമയുടേയും പശ്ചാത്തപിച്ച് മടങ്ങിയതിന്റേയും വാക്കുകളായിരുന്നുവെന്ന് സ്വയം ചിന്തിക്കേണ്ടതാണ്. ഇത്തരത്തിലുള്ള താഴ്മയുടേയും എളിമയുടേയും വാക്കുകൾ എന്റെ ജീവിതത്തിൽ ഒരിക്കലും ഏതെങ്കിലും ക്രിസ്ത്യാനിയിൽ നിന്ന് ഞാൻ കേട്ടിട്ടില്ല. പ്രത്യുത അവരുടെ അധികം ഗ്രന്ഥങ്ങളും നബി(സ)തിരുമേനിയെ സംബന്ധിച്ച് ചീത്തകൾ കൊണ്ട് നിറഞ്ഞുനില്ക്കുന്നതാണ് കണ്ടത്. അങ്ങനെ വരുമ്പോൾ എതിരാളിയായ ഒരു വ്യക്തി തികച്ചും സംവാദത്തിന്റെ നേരത്ത് ഇത്ര മാത്രം വണക്കത്തോടും വിനയത്തോടും കൂടി താൻ ദജ്ജാലെന്ന് പറഞ്ഞതിനെ നിഷേധിക്കുകയും തുടർന്ന് 15 മാസം വരെ മൗനം പാലിക്കുകയും ചെയ്തു. എന്നല്ല കരഞ്ഞുകരഞ്ഞ് ദിവസം കഴിച്ചുകൂട്ടി. അപ്പോൾ അത് അല്ലാഹുവിന്റെ പക്കൽ അവന്റെ മാന്യതയനുസരിച്ച് അയാൾക്ക് ഫലം ചെയ്യേണ്ടതല്ലേ?[2] പിന്നീട് ദീർഘകാലം അയാളുടെ ജീവിതം നിന്നില്ല. കുറച്ചുമാസത്തിനുശേഷം മരണപ്പെട്ടു. അയാൾ ഇതിനുശേഷം ഒരു വീമ്പും പറഞ്ഞില്ല. കാണിച്ചില്ല. എന്തൊന്ന് അയാൾ പറഞ്ഞുവെന്ന് പറയുന്നുവോ അത് ക്രിസ്ത്യാനികളുടെ സ്വന്തം കെട്ടിച്ചമച്ച കാര്യങ്ങളാണ്. പ്രവചനത്തിന്റെ മർമം എന്നു പറയുന്നത് അയാളുടെ മരണമായിരുന്നു. അതനുസരിച്ച് അയാൾ എന്റെ ജീവിതത്തിൽതന്നെ മരണപ്പെട്ടു. ദൈവം എന്റെ ആയുസ് വർധിപ്പിക്കുകയും അയാളുടെ ജീവിതം അവസാനിപ്പിക്കുകയും ചെയ്തു. അയാൾ കാലാവധിക്കുള്ളിൽ മരിച്ചില്ല എന്ന് പറഞ്ഞ് ഇപ്പോൾ മുറവിളികൂട്ടുന്നത് എത്രമാത്രം അക്രമവും യാഥാസ്ഥിതികത്വവുമാണ്. ഏ അജ്ഞനായ മനുഷ്യാ! നിനക്ക് യൂനുസിന്റെ സംഭവം അറിയില്ലേ. അതിനെക്കുറിച്ച് വിശുദ്ധ ഖുർആനിൽ ഉണ്ടല്ലോ. യൂനുസിന്റെ പ്രവചനത്തിൽ ഒരു നിബന്ധനയുമുണ്ടായിരുന്നില്ല. എന്നിട്ടും പശ്ചാത്താപവും പാപപ്പൊറുതി തേടലും കൊണ്ട് അദ്ദേഹത്തിന്റെ ജനത രക്ഷപ്പെട്ടു. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജനത തീർച്ചയായും നാൽപതു ദിവസത്തിനുള്ളിൽ നശിച്ചൊടുങ്ങുമെന്നത് ദൈവത്തിന്റെ ഖണ്ഡിതമായ വാഗ്ദാനമായിരുന്നു. എന്നാൽ, ഈ പ്രവചനമനുസരിച്ച് നാൽപത് ദിവസത്തിനുള്ളിൽ അവർ മരിച്ചോ? നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ദുർറെ മൻസൂറിൽ വന്നിട്ടുള്ള അവരുടെ സംഭവ കഥ കേൾക്കുക. അല്ലെങ്കിൽ യോനാ നബിയുടെ പുസ്തകം വായിക്കുക.  നിങ്ങൾ അതിരുവിട്ട് എന്തിനാണ് ദ്രോഹം കാണിക്കുന്നത്. ഒരു ദിവസം മരിക്കേണ്ടതല്ലേ. വികൃതിത്തരവും വിശ്വാസവഞ്ചനയും ഈമാനോടൊപ്പം ചേരുകയില്ല."

---

1. 15 മാസത്തിനുള്ളിൽ ഒരാൾ കുഷ്ഠരോഗിയാകുമെന്നുള്ള പ്രവചനമുണ്ടെങ്കിൽ അയാൾ 15 മാസത്തിനുപകരം 20-ാമത്തെ മാസം കുഷ്ഠരോഗിയാകുകയും മൂക്കും എല്ലാ അവയങ്ങളും അഴുകി വീഴുകയും ചെയ്താൽ പ്രവചനം പൂർത്തിയായില്ല എന്നു പറയുന്നത് ചേർന്നതാണോ? സംഭവത്തിന്റെ ഉദ്ദേശ്യത്തിലാ ണ് ദൃഷ്ടിപതിയേണ്ടത്.
2. ഈ പോയന്റ് സ്മരണാർഹമാണ്. അതായത് അബ്ദുല്ലാ ആഥിമിനെ സംബന്ധിച്ച് മരണപ്രവചനമുണ്ടായിരുന്നു. ലേഖ്റാമിനെ സംബന്ധിച്ച് മരണപ്രവചനമുണ്ടായിരുന്നു. എന്നാൽ, അബ്ദുല്ലാ ആഥിം വിനയവും വണക്കവും കാണിച്ചു. അതുകൊണ്ട് അയാളുടെ മരണം നിശ്ചിതകാലയളവിന് കുറച്ചു മാസം താമസിച്ചാണ് പുലർന്നത്. ലേഖ്റാം പ്രവചനം കേട്ടതിനുശേഷം വികൃതിത്തരം പ്രകടിപ്പിച്ചു. ചന്തകളിലും ആൾക്കൂട്ടങ്ങളിലും നമ്മുടെ നബി(സ)തിരുമേനിയെ ചീത്ത വിളിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു അയാളുടെ നിശ്ചിത കാലയളവ് പൂർത്തിയാകുന്നതിനുമുമ്പേ അയാൾ പിടിക്കപ്പെട്ടു. ഒരു വർഷം ബാക്കിനില്ക്കെയാണ് അയാൾ വധിക്കപ്പെട്ടത്. അബ്ദുല്ലാ ആഥിമിനോടു അല്ലാഹു തന്റെ ജമാലീ സിഫത്ത് പ്രകടിപ്പിച്ചു; ലേഖ്റാമിനോടു ജലാലീ സിഫത്തും. കുറയ്ക്കാനും കൂട്ടാനുമുള്ള കഴിവുള്ളവനാണ് അവൻ.

(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ വാള്യം 22 പേജ് 192-194)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)

ഭാഗം-5

– ഹാഫിസ് മുസഫർ അഹ്മദ്

ഹദ്റത്ത് ഉമറിനെപ്പോലുള്ള മഹാത്മാവായ ഖലീഫയും അദ്ദേഹത്തിന്റെ വൈജ്ഞാനികമായ ഉന്നത നില കാരണം അദ്ദേഹത്തെ ആദരിച്ചിരുന്നു. ബഹുമാനദൃഷ്ടിയോടെ നോക്കിയിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ വഹബ്(റ) പറയുന്നു: 'ഒരിക്കൽ ഞങ്ങൾ അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഉമർ(റ)ന്റെ സദസ്സിൽ ഇരിക്കുകയായിരുന്നു. അപ്പോൾ മെല്ലിച്ച പൊക്കംകുറഞ്ഞ ഒരു വ്യക്തി അവിടെ വന്നു. അദ്ദേഹത്തെ കണ്ടിട്ട് ഹദ്റത്ത് ഉമർ(റ)ന്റെ മുഖം ചെമന്ന് തുടിക്കുകയും 'അറിവുകൊണ്ട് നിറഞ്ഞ പാത്രം, അറിവുകൊണ്ട് നിറഞ്ഞപാത്രം' എന്നു പറയുകയും ചെയ്തു. അദ്ദേഹം മൂന്നുപ്രാവശ്യം അതാവർത്തിച്ചു. ആ പുണ്യാത്മാവ് അടുത്തു വന്നപ്പോൾ ഞാൻ അദ്ദേഹത്തെ കണ്ടു. അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ആയിരുന്നു.

**സുന്നത്തിൽ കൃത്യനിഷ്ഠ:**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നബി(സ) തിരുമേനിയുടെ സുന്നത്തിന് നല്ലവണ്ണം വഴിപ്പെട്ടയാളായിരുന്നു. ഒരിക്കൽ ഹദ്റത്ത് ആയിശ(റ)യോടു ചോദിക്കപ്പെട്ടു: നബി(സ)തിരുമേനിയുടെ രണ്ടു സ്വഹാബാക്കളിൽ ഒരു സ്വഹാബി നോമ്പുതുറക്കാൻ ധിറുതി കാണിക്കുന്നു. അതായത് സൂര്യൻ അസ്തമിച്ചാലുടൻ നോമ്പുതുറക്കുന്നു. വേഗം നമസ്കരിക്കുകയും ചെയ്യുന്നു. അതായത് അസ്തമിച്ചാലുടൻ നമസ്കരിക്കുന്നു. മറ്റേ സ്വഹാബി ഈ രണ്ടുകർമങ്ങളും ആദ്യത്തേതിനെ അപേക്ഷിച്ച് താമസിച്ചിട്ടാണ് ചെയ്യുന്നത്. ഹദ്റത്ത് ആയിശ(റ) ചോദിച്ചു: 'ആരാണ് വേഗത്തിൽ ചെയ്യുന്നത്?' ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) അങ്ങനെ ചെയ്യുന്നുവെന്ന് പറയപ്പെട്ടു. ഹദ്റത്ത് ആയിശ(റ) പറഞ്ഞു: 'നബി(സ)തിരുമേനിയുടെ രീതിയും അങ്ങനെത്തന്നെയായിരുന്നു.

തിരുസുന്നത്തനുസരിച്ച് പ്രവർത്തിക്കുന്നതിലുള്ള ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ അഭിരുചി എത്രമാത്രമായിരുന്നുവെന്നാൽ, നബി(സ)തിരുമേനിയുടെ മരണശേഷം അവിടത്തെ ശീലങ്ങളുടേയും സ്വഭാവങ്ങളുടേയും ജീവിതചര്യയുടേയും അടിസ്ഥാനത്തിൽ തങ്ങൾക്ക് പലതും ഗ്രഹിക്കാൻ സാധിക്കുന്നതിന് ആ മഹാത്മാവിന്റെ സ്വഹാബിമാരിൽ ഏറ്റവും അടുത്തുനില്ക്കുന്ന വ്യക്തിയാരാണെന്ന് സ്വഹാബാക്കൾ ചോദിച്ചപ്പോൾ ഹദ്റത്ത് ഹുദയ്ഫാ(റ)പറഞ്ഞു: 'എന്റെ അറിവനുസരിച്ച് ജീവിതരീതിയും സംസാരശൈലിയും സ്വഭാവങ്ങളും ആചാരാനുഷ്ഠാനങ്ങളും വെച്ചുനോക്കുമ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ആണ് നബി(സ)തിരുമേനിയുമായി ഏറ്റവുമധികം അനുരൂപനായ വ്യക്തി.' ഇക്കാരണത്താലാണ് 'അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ഇഷ്ടപ്പെട്ട കാര്യങ്ങളാണ് ഞാനെന്റെ ഉമ്മത്തിനുവേണ്ടി ഇഷ്ടപ്പെടുന്നത്' എന്ന് നബി(സ)തിരുമേനി പറഞ്ഞത്.

മഹാത്മാക്കളായ സ്വഹാബാക്കൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ദൈവസാമീപ്യത്തിലും അല്ലാഹുവുമായുള്ള ബന്ധത്തിലും അസാധാരണമായ സ്ഥാനമുള്ളയാളാണെന്ന് പറയാറുണ്ടായിരുന്നു. നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളിൽ ആരുടെയെല്ലാം മാതൃകയാണോ വഴികാട്ടിയാക്കാൻ പ്രത്യേകം നിർദേശിച്ചത് അവരിൽ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ) എന്നിവർക്കു പുറമെ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ പേരും ഉൾപ്പെടുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ മാർഗത്തെ ഉറപ്പോടെ പിടിച്ചുകൊള്ളുവിൻ എന്ന് നബി(സ)പറഞ്ഞിരുന്നു.

**പരിശുദ്ധിയും വിശിഷ്ടതയും:**

നബി(സ)തിരുമേനിയുടെ പരിശുദ്ധമായ സഹവാസം മക്കയിലെ ആ ദരിദ്രനായ ഇടയച്ചെക്കനെ അങ്ങേയറ്റം അനർഘനും ബാഹ്യവും ആന്തരികവുമായ നിലയിൽ പരിശുദ്ധനും നിഷ്കളങ്കനുമാക്കിത്തീർത്തു. അദ്ദേഹം വൃത്തിയും ശുദ്ധിയും പാവനതയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ അന്യഗോത്രക്കാരനായ ഒരു സേവകൻ പറയുന്നു: 'ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വൃത്തിയുള്ള ശുഭ്രവസ്ത്രമാണ് ധരിക്കാറുള്ളത്. മുന്തിയ വാസനദ്രവ്യങ്ങളാണ് എപ്പോഴും ഉപയോഗിച്ചിരുന്നത്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) മുന്തിയ വാസനദ്രവ്യങ്ങളാണ് ഉപയോഗിച്ചിരുന്നതെന്നും രാത്രിയുടെ കൂരിരുട്ടിലും ആ വാസനദ്രവ്യങ്ങളാൽ അദ്ദേഹം തിരിച്ചറിയപ്പെടുമായിരുന്നുവെന്നും ഹദ്റത്ത് ത്വൽഹഃ(റ)പറയാറുണ്ടായിരുന്നു.

**കർമനിഷ്ഠനായ പണ്ഡിതൻ:**

നബി(സ)തിരുമേനിയുടെ സഹവാസം ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ ഒരു തികഞ്ഞ ഭക്തനും പാപങ്ങൾ വർജിക്കുന്നവനും ആരാധനാകർമങ്ങളനുഷ്ഠിക്കുന്നവനുമായ മനുഷ്യനാക്കിത്തീർത്തു. ആരാധനകളോടും ഐഹികകർമങ്ങളോടുമുള്ള താൽപര്യം എത്രമാത്രമായിരുന്നുവെന്നാൽ, നിർബന്ധ നമസ്കാരങ്ങൾക്കും തഹജ്ജുദിനും പുറമെ പൂർവ്വാഹ്നത്തിലും(ളുഹാ) നമസ്കരിക്കുമായിരുന്നു. എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും നഫ്ൽ നോമ്പ് പിടിക്കുമായിരുന്നു. എങ്കിലും താൻ കുറച്ചുനോമ്പേ പിടിക്കുന്നുള്ളുവെന്ന ചിന്ത എപ്പോഴും അദ്ദേഹത്തിൽ അതിജയിച്ചുനിന്നു. അദ്ദേഹം പറയുമായിരുന്നു: 'ഇതിനെക്കാൾ കൂടുതൽ നോമ്പ് പിടിക്കാത്തത് തഹജ്ജുദ് തുടങ്ങിയുള്ള ആരാധനകളിൽ ക്ഷീണം ബാധിക്കാതിരിക്കാനാണ്. അതിനാൽ നോമ്പിനെക്കാൾ മുൻഗണന നമസ്കാരത്തിനു നല്കിക്കൊണ്ട് നഫ്ൽനോമ്പ് കുറച്ചേ പിടിക്കാറുള്ളു.'

**മനോഹരമായ പ്രസംഗം:**

നബി(സ)തിരുമേനിയുടെ സുന്നത്തനുസരിച്ച് ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) വ്യാഴാഴ്ച ദിവസം മാത്രമേ ഉപദേശപ്രസംഗം നടത്താറുണ്ടായിരുന്നുള്ളു. അതു വളരെ ഹ്രസ്വവും സകല കാര്യങ്ങളും ഉൾക്കൊള്ളുന്നതുമായിരുന്നു. അദ്ദേഹത്തിന്റെ വിവരണം ഹൃദയസ്പൃക്കും മാധുര്യമുള്ളതുമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മർദാസ്(റ) പറയുന്നു: 'ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പ്രസംഗം അവസാനിപ്പിക്കുമ്പോൾ, ഹാ! ഇനിയും കുറച്ചുകൂടി അദ്ദേഹം പ്രസംഗിച്ചിരുന്നെങ്കിൽ എന്ന് ഞങ്ങൾ ആഗ്രഹിച്ചിരുന്നു.'

വൈകുന്നേരത്തെ ഉപദേശ പ്രസംഗത്തിൽ അദ്ദേഹം നബി(സ)തിരുമേനിയുടെ ഹദീഥുകളിൽനിന്ന് ഒരെണ്ണം മാത്രമേ കേൾപ്പിച്ചിരുന്നുള്ളു. ഹദീഥ് കേൾപ്പിക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ ആകർഷണവും ആസക്തിയും നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റെ ദൃശ്യവും പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായ ഹദ്റത്ത് മസ്റൂഖ്(റ)പറയുന്നു: 'ഒരു ദിവസം ആ മഹാത്മാവ് ഞങ്ങളെ ഒരു ഹദീഥ് കേൾപ്പിച്ചു. സമിഅത്തു റസൂലല്ലാഹ് എന്ന് പറഞ്ഞപ്പോൾ – ഞാൻ അല്ലാഹുവിന്റെ റസൂലിൽനിന്ന് കേട്ടു എന്നു പറഞ്ഞപ്പോൾ ദൈവഭയവും പേടിയും കൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തിൽ ഒരു വിറയൽ അനുഭവപ്പെട്ടു. എത്രത്തോളമെന്നാൽ, അദ്ദേഹത്തിന്റെ വസ്ത്രങ്ങളിലും അതു പ്രകടമായി.' അതിനുശേഷം വളരെ സൂക്ഷിച്ചുകൊണ്ട് ഇങ്ങനേയും പറഞ്ഞു: 'നബി(സ)തിരുമേനി ഈ വാക്കുകളോ ഇതിനു സമാനമായ മറ്റു വാക്കുകളോ ആണ് പറഞ്ഞത്.'

ഹദീഥ് വിവരിക്കുമ്പോഴുള്ള ഈ ദൈവഭയവും തികഞ്ഞ സൂക്ഷ്മതയും –നബി(സ)തിരുമേനിയുടെ പേരിൽ തെറ്റായിട്ടുള്ള ഹദീഥ് കെട്ടിപ്പറയുന്നവർക്ക് ശിക്ഷയുണ്ടാകുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലായിരിക്കാം എന്ന് മനസ്സിലാകുന്നു.

മറ്റൊരു നിവേദനത്തിൽനിന്ന് നമുക്ക് അദ്ദേഹത്തിന്റെ സൂക്ഷ്മത മനസ്സിലാക്കാവുന്നതാണ്. ഹദ്റത്ത് അംറ് ബിൻ മയ്മൂൺ(റ)പറയുന്നു: 'ഞാനൊരു വർഷംവരെ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ അടുത്ത് വന്നുംപോയുമിരുന്നു. അദ്ദേഹം ഹദീഥ് വിവരിക്കുമ്പോൾ വളരെ സൂക്ഷ്മത പാലിച്ചിരുന്നു. ഒരിക്കൽ ഞാൻ കണ്ടു. ഖാല റസൂലുല്ലാഹി(സ) അതായത് അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു, എന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിൽ വല്ലാത്തൊരു അവസ്ഥ പ്രകടമായി. നെറ്റിയിൽനിന്ന് വിയർപ്പു തുള്ളികൾ വീഴാൻ തുടങ്ങി. എന്നിട്ടു പറഞ്ഞു, ഇതുപോലുള്ള വാക്കുകളോ ഇതിനു സമാനമായ വാക്കുകളോ ആണ് നബി(സ)തിരുമേനി പറഞ്ഞത്.'

ഒരിക്കൽ നബി(സ)തിരുമേനി ഹ്രസ്വപ്രഭാഷണത്തിനുശേഷം ഇനി ഉപദേശം നടത്താൻ ഹദ്റത്ത് അബൂബക്കർ(റ)നോടു പറഞ്ഞു. അദ്ദേഹം ഹ്രസ്വമായി സംസാരിച്ചു. പിന്നീടു ഹദ്റത്ത് ഉമറിനോടു സംസാരിക്കാൻ പറഞ്ഞു. അദ്ദേഹം ഹദ്റത്ത് അബൂബക്കറിനെക്കാൾ ഹ്രസ്വമായിട്ടാണ് സംസാരിച്ചത്. പിന്നീടു മറ്റാരോടോ പറഞ്ഞു. അയാൾ ദീർഘമായി സംസാരിക്കാൻ തുടങ്ങി. അയാളോടു ഇരിക്കാനോ നിറുത്താനോ നബി(സ)പറഞ്ഞു. പിന്നീടു നബി(സ) തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നോടു പ്രസംഗിക്കാൻ പറഞ്ഞു. അദ്ദേഹം അല്ലാഹുവിനെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്തുകൊണ്ടു പറഞ്ഞു: 'ജനങ്ങളേ! അല്ലാഹു നമ്മുടെ രക്ഷിതാവാണ്. ഖുർആൻ നമ്മുടെ വഴികാട്ടിയാണ്. അല്ലാഹുവിന്റെ ഭവനം നമ്മുടെ ഖിബ്ലയാണ്. മുഹമ്മദ്(സ)നമ്മുടെ നബിയാണ്.' മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്. അദ്ദേഹം പറഞ്ഞു,'അല്ലാഹു റബ്ബാണെന്നും ഇസ്ലാം ദീനാണെന്നും നമ്മൾ ഇഷ്ടപ്പെട്ടിരിക്കുന്നു. അല്ലാഹുവും റസൂലും ഇഷ്ടപ്പെടുന്നതാണ് ഞാൻ നിങ്ങൾക്കുവേണ്ടിയും ഇഷ്ടപ്പെടുന്നത്. നബി(സ)പറഞ്ഞു, അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)പറഞ്ഞത് വളരെ ശരിയാണ്. ഇബ്നു മസ്ഊദ് ഇഷ്ടപ്പെടുന്നതെന്താണോ അതാണ് ഞാനെന്റെ ഉമ്മത്തിനുവേണ്ടിയും ഇഷ്ടപ്പെടുന്ന്.'

**ദൈവഭക്തി:**

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു: "വിശുദ്ധഖുർആനിലെ മാഇദ അധ്യായത്തിലെ 94-ാം വചനം ഇറങ്ങി: 'വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരാരോ അവർ സൂക്ഷ്മത പാലിക്കുകയും വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠിക്കുകയും എന്നിട്ട് അവർ സൂക്ഷ്മതയിൽ അഭിവൃദ്ധിപ്പെടുകയും വിശ്വസിക്കുകയും പിന്നീടു ഭയഭക്തിയിൽ കൂടുതൽ അഭിവൃദ്ധിപ്പെടുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ അവർ ഏതൊന്ന് ഭക്ഷിക്കുന്നുവോ അതിൽ അവർക്ക് കുറ്റമൊന്നുമില്ല. (തുടരും)


**Website Design & Online Marketing**

Google SEO I Website Design I Social Media I Graphic Design

Call 0828 173 6451 Email: admin@dsignsworld.com

www.dsignsworld.com

DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222

CITYLINK TRAVEL CORPORATION

Linking Destinations

Noor Complex, 3rd Floor, Mavoor Road, Calicut, Kerala

email: citylinkccj@gmail.com

Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**അൽഹംദുലില്ലാഹ് റജയ്നാ (ഞലഴശിമ)അഹ്മദിയ്യാ ജമാഅത്തിന് അല്ലാഹു മസ്ജിദ് നിർമിക്കാൻ തൗഫീഖ് നല്കിയിരിക്കുകയാണ്. മാശാഅല്ലാഹ് ഇത് വളരെ മനോഹരമായ മസ്ജിദാണ്. ഇന്നത്തെ ജമാഅത്തിന്റെ ജനസംഖ്യയുടെ, ഈ മസ്ജിദ് ഇപ്പോഴത്തെ ആവശ്യത്തെക്കാൾ മൂന്നിരട്ടി വലുതാണ്. ഇതിന്റെ ചെലവുകളും തദ്ദേശ ജമാഅത്തുതന്നെയാണ് നല്കിയത്. അല്ലെങ്കിൽ നല്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. രൊക്കം പണത്തിന്റെ അടിസ്ഥാനത്തിൽ മൊത്തത്തിലുള്ള ചെലവിന്റെ ഏകദേശം മൂന്നിലൊരു ഭാഗം നല്കാമെന്നുള്ള ഉത്തരവാദിത്വം രണ്ടാളുകൾ ഏറ്റിരിക്കുന്നു. അവരിൽ ഒരാൾ നമ്മുടെ ഡോക്ടർ ശംസുൽഹഖ് ശഹീദിന്റെ വിധവയാണ്.**

**കോൺട്രാക്ടർമാരുടെ ഏറ്റവും കുറഞ്ഞ ടെന്ററിനെക്കാൾ പകുതിയിലേറെ കുറഞ്ഞ ചെലവിലാണ് മസ്ജിദിന്റെ നിർമാണം പൂർത്തിയായത്. ഈ മസ്ജിദിന്റെ നിർമാണത്തിൽ ജമാഅത്തിന്റെ പണം പകുതിയിലേറെ ലാഭമാക്കിയിരിക്കുകയാണ്. സിസ്കാടോണിലെ മൂന്നു സഹോദരന്മാർ നിർമാണപ്രവൃത്തിയിലുണ്ടായിരുന്നുവെന്ന് എന്നോടു പറയുകയുണ്ടായി. അവർ സന്നദ്ധസേവനം എന്ന നിലയിൽ തങ്ങളുടെ സേവനങ്ങൾ സമർപിച്ചു. ഇങ്ങനെ ഈ പണവും ലാഭമാക്കി. ഇപ്രകാരംതന്നെ മറ്റു സന്നദ്ധസേവകരും ജോലിയിൽ പങ്കെടുത്തു. ഈ സഹോദരങ്ങളുടെ കോൺട്രാക്ടറെ നാലാമനായ മറ്റൊരു കോൺട്രാക്ടർ സഹായിക്കുകയുണ്ടായി.**

**ഒരു ഭാഗത്ത് ചില മുസ്‌ലീംകൾ ലോകത്ത് അരാജകത്വം പരത്തുന്നതിൽ വ്യാപൃതരായിരിക്കുമ്പോൾ മറുഭാഗത്ത് വികസിതവും ഭൗതികവുമായ കാര്യങ്ങളിൽ മുൻപന്തിയിൽനില്ക്കുന്നതായ രാജ്യത്ത് വസിക്കുന്ന അഹ്മദീ മുസ്‌ലീംകൾ അല്ലാഹുവിന്റെ ഭവനം നിർമിക്കുന്നതിനുവേണ്ടി തങ്ങളുടെ ധനവും സമയവും സമർപിക്കുന്നു.**

**ഈ മസ്ജിദിന്റെ നിർമാണത്തിൽ അഹ്മദീ സന്നദ്ധ സേവകർ ഭൂരിഭാഗം ജോലികളും ചെയ്ത് ജമാഅത്തിന്റെ പണം ലാഭിച്ചുവെന്ന ബഹുമതിയും കനഡ ജമാഅത്ത് ആദ്യമായി കരസ്ഥമാക്കി. ലോകത്ത് മറ്റിടങ്ങളിലും ഇതുപോലെ പണി നടക്കാറുണ്ട്. പക്ഷേ, ഇവിടെ ഇപ്രകാരം ആദ്യമായാണ് ഇങ്ങനെ നടന്നത്. അല്ലാഹു ഈ എല്ലാ ത്യാഗങ്ങൾ ചെയ്യുന്നവർക്കും- സാമ്പത്തികത്യാഗം ചെയ്തവരാകട്ടെ, സമയം ത്യാഗം ചെയ്തവരാകട്ടെ, വൻതുകകൾ കൊടുത്ത പുരുഷന്മാരാകട്ടെ, സ്ത്രീകളാകട്ടെ അല്ലെങ്കിൽ വാഗ്ദാനം ചെയ്തിട്ടുള്ളവരാകട്ടെ എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ സമ്പത്തിലും ആയുസ്സിലും അതിരില്ലാതെ അനുഗ്രഹം ചൊരിയുമാറാകട്ടെ.**

**മസ്ജിദ് നമ്മുടെ തർബിയ്യത്തിനും തബ്‌ലീഗിനും വളരെ പ്രധാനപ്പെട്ടതാണെന്നകാര്യം എപ്പോഴും ഓർമവെക്കേണ്ടതാണ്. അതുകൊണ്ട് ചെറിയ മസ്ജിദുകൾ നിർമിക്കാൻ ഞാൻ അമീർ സാഹിബിനോടു പറഞ്ഞിരുന്നു.**

**ചെറിയ മസ്ജിദുകൾ നിർമിക്കാനുള്ള പ്രോഗ്രാം ഞങ്ങൾ ഉണ്ടാക്കിയിട്ടും എല്ലായിടത്തും എത്രയും വേഗം മസ്ജിദു നിർമിക്കാനുള്ള മാർഗങ്ങൾ ഇല്ലാത്തതുകൊണ്ട് മസ്ജിദു നിർമിക്കുന്നതിൽ സന്നദ്ധ സേവനം, വളന്റിയറെ കൊണ്ടു ജോലി ആരംഭിച്ചിരിക്കുകയാണ്. ഇതൊരു നല്ല പാരമ്പര്യമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിനെ ഇനി തുടർന്നുകൊണ്ടു പോകേണ്ടതുമാണ്. കഴിയുന്നിടത്തോളം പണം ലാഭിക്കാൻ ശ്രമിക്കേണ്ടതാണ്.**

**ആഫ്രിക്കയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ വലിയ മസ്ജിദുകൾ നിർമിച്ചു നല്കുന്ന ധാരാളമാളുകളുണ്ട്. ആഫ്രിക്കക്കാരെ കുറിച്ച് നമ്മൾ സാധാരണ മനസ്സിലാക്കുന്നത് ദാരിദ്ര്യം കാരണത്താൽ അവരിൽ അത്യാഗ്രഹമുണ്ടായിരിക്കുമെന്നാണ്. പക്ഷേ, അവരുടെ അടുത്ത് പണം വന്നു കഴിഞ്ഞാൽ അവർ സ്ഥാപിക്കുന്ന ത്യാഗത്തിന്റെ നിലവാരം വളരെ കുറച്ചേ കാണാൻ കഴിയുകയുള്ളു. അല്ലാഹുവിന്റെ ഭവനം നിർമിക്കുകയെന്നും അതിനുവേണ്ടി ത്യാഗചെയ്യുക എന്നുമുള്ള ഈ സ്വഭാവമാണ് എല്ലായിടത്തും.**

**സക്കാത്തിൽ എല്ലാ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്നു. അതിന് ഒരു നിശ്ചിത തോതുണ്ട്. അത് നബി(സ)തിരുമേനിയുടെ കാലം മുതൽ അവിടന്ന് നിശ്ചയിച്ചിട്ടുള്ളതാണ്.**

**സക്കാത്തിൽ, ധനം പരിശുദ്ധമാക്കുന്നതിൽ, സ്വന്തം സ്വത്തുകൾ ശുദ്ധീകരിക്കുന്നതിൽ, അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനും അതുമായി ബന്ധപ്പെട്ട ജോലികളിലും ചെലവഴിക്കപ്പെടുന്ന ചന്ദകളും ഉൾപ്പെടുന്നു.**

**ഈമാനിന്റേയും ആദർശത്തിന്റേയും അടിസ്ഥാനത്തിൽ ശക്തരേയും കർമപരമായ നിലയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നവരേയും കൊണ്ടാണ് മസ്ജിദ് യഥാർഥത്തിൽ ജനനിബിഡമാകുന്നത്. മസ്ജിദുകളെ ജനസാന്ദ്രമാക്കുക എന്ന നിർബന്ധ കടമ നിർവഹിക്കാനുള്ള ഏറ്റവും കൂടുതൽ ഉത്തരവാദിത്വമുള്ളത് ജമാഅത്തിന്റെ ഭാരവാഹികൾക്കും ഉപസംഘടനകളുടെ ഭാരവാഹികൾക്കുമാണ്. അതുകൊണ്ട് അത് നിർബന്ധമായും ചെയ്യുക. ജമാഅത്തിനു നല്കിയിട്ടുള്ള ധനത്തിന്റേയും സമയത്തിന്റേയും, ത്യാഗത്തിന്റേയും സ്ഥിരമായ പ്രതിഫലം പറ്റുന്നതിന് ഭാരവാഹികളും എല്ലാ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. അതായത് നിങ്ങളുടെ എണ്ണംകൊണ്ട് ഇപ്പോഴുള്ള മസ്ജിദിനെക്കാൾ മൂന്നിരട്ടി വർധിക്കുകയും അത് ഈ മസ്ജിദിനെ ചെറുതാക്കുകയും വേണം. നമസ്കാരക്കാരുടെ എണ്ണം വർധിക്കുമ്പോഴും ജമാഅത്തിന്റെ എണ്ണം വർധിക്കുമ്പോഴുമാണ് മസ്ജിദ് ചെറുതായിത്തീരുന്നത്. ജമാഅത്തിന്റെ എണ്ണം വർധിക്കാൻ തബ്‌ലീഗ് വളരെ നിർബന്ധമാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2016 നവംബർ 4 /1395 നുബുവ്വത്ത് 04**
**മസ്ജിദ് മഹ്മൂദ് റെജായ്ന, കനഡ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ـ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ ـ اَلرَّحْمٰنِ الرَّحِيمِ ـ مٰلِكِ يَوْمِ الدِّينِ ـ اِيَّاكَ نَعْبُدُ وَاِيَّاكَ
نَسْتَعِينُ ـ اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ـ صِرَاطَ الَّذِينَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ
عَلَيْهِمْ وَلَا الضَّآلِّينَ ـ
اِنَّمَا يَعْمُرُ مَسَاجِدَ اللّٰهِ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ
وَلَمْ يَخْشَ اِلَّا اللّٰهَ فَعَسٰٓى اُولٰٓئِكَ اَنْ يَّكُوْنُوْا مِنَ الْمُهْتَدِيْنَ (التوبة:18)

അൽഹംദുലില്ലാഹ് റജയ്നാ (Regina) അഹ്മദിയ്യാ ജമാഅത്തിന് അല്ലാഹു മസ്ജിദ് നിർമിക്കാൻ തൗഫീഖ് നല്കിയിരിക്കുകയാണ്. മാശാഅല്ലാഹ് ഇത് വളരെ മനോഹരമായ മസ്ജിദാണ്. ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിലേതുൾപ്പെടെ ഇപ്പോൾ ഇവിടത്തെ ജമാഅത്തംഗങ്ങൾ ഏകദേശം 160 ആണ്. മസ്ജിദിന്റെ ഹാളുൾപ്പെടെയുള്ള സ്ഥലങ്ങളിൽ 400 ആളുകൾക്ക് നമസ്കരിക്കാം. ആവശ്യം വന്നാൽ കോമൺ ഏരിയായിലും(Common area) കൂടുതൽ നൂറു പേർക്ക് നമസ്കരിക്കാൻ കഴിയുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ഇന്നത്തെ ജമാഅത്തിന്റെ ജനസംഖ്യയുടെ, ഈ മസ്ജിദ് ഇപ്പോഴത്തെ ആവശ്യത്തെക്കാൾ മൂന്നിരട്ടി വലുതാണ്.

ഇതിന്റെ ചെലവുകളും തദ്ദേശ ജമാഅത്തുതന്നെയാണ് നല്കിയതെന്ന് എന്നോടു പറയുകയുണ്ടായി. അല്ലെങ്കിൽ നല്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. രൊക്കം പണത്തിന്റെ അടിസ്ഥാനത്തിൽ മൊത്തത്തിലുള്ള ചെലവിന്റെ ഏകദേശം മൂന്നിലൊരു ഭാഗം നല്കാമെന്നുള്ള ഉത്തരവാദിത്വം രണ്ടാളുകൾ ഏറ്റിരിക്കുന്നു. അവരിൽ ഒരാൾ നമ്മുടെ ഡോക്ടർ ശംസുൽഹഖ് ശഹീദിന്റെ വിധവയാണ്. രൊക്കം പണത്തിന്റെ അടിസ്ഥാനത്തിൽ എന്നു ഞാൻ പറഞ്ഞത് മസ്ജിദ് നിർമാണത്തിന്റെ പണി തുടങ്ങുന്ന ഘട്ടമെത്തുകയും കോൺട്രാക്ടർമാരുമായി ബന്ധപ്പെടുകയും ചെയ്തപ്പോൾ ഏറ്റവും കുറഞ്ഞ ടെന്റർ ഇവർ പറയുന്നത് 2.8 മില്യൺ ആയിരുന്നുവെന്നാണ്. ഇതിൽ മറ്റു ചെലവുകളും ചേർത്ത് 3.5 മില്യൺ ഡോളർവരെ കാര്യമെത്തി. പക്ഷേ, മസ്ജിദിന്റെ നിർമാണത്തിൽ മൊത്തം ചെലവായത്, അത് പൂർത്തീകരിക്കുന്നതിന് ചെലവായത് 1.6 മില്യൺ ആയിരുന്നു. ഇത് എങ്ങനെ നടക്കാനാണെന്നോർത്ത് ഒരു ഭൗതികചിന്തകൻ അത്ഭുതപ്പെടും. കാരണം കോൺട്രാക്ടർമാരുടെ ഏറ്റവും

കുറഞ്ഞ ടെന്ററിനെക്കാൾ പകുതിയിലേറെ കുറഞ്ഞ ചെലവിലാണ് മസ്ജിദിന്റെ നിർമാണം പൂർത്തിയായത്. തീർച്ചയായും ഒരു ഭൗതികചിന്താഗതിക്കാരന് ഇതു കണക്കുകൂട്ടാൻ സാധിക്കുകയില്ല. കാരണം അയാൾക്ക് ത്യാഗമെന്താണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് ത്യാഗങ്ങളുടെ എന്തു നിലവാരമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അറിയില്ല.

ജീവനും ധനവും സമയവും ത്യാഗം ചെയ്യുന്നതിലുള്ള ഉദാഹരണങ്ങൾ ലഭിക്കുന്നതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽനിന്നു തന്നെയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഈ സ്വഭാവം എല്ലായിടത്തുമുണ്ട്. അവർ പാക്കിസ്താനിലെ അഹ് മദികളായാലും വേണ്ടില്ല ജീവന്റേയും ധനത്തിന്റേയും ത്യാഗം സമർപ്പിക്കുന്നവരാണ്. ആഫ്രിക്കൻ വാസികളായ അഹ്മദികളുടെ പക്കൽ ധനമില്ലെങ്കിൽ അവർ സമയം ത്യാഗം ചെയ്തും എന്തൊന്നാണോ കൈയിലുള്ളത് അതു നല്കിയും മസ്ജിദുകൾക്കും ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കുമായി തങ്ങളെ സമർപ്പിക്കുന്നു. ഇന്തോനേഷ്യയിൽ വസിക്കുന്ന അഹ്മദികളാവട്ടെ, യൂറോപ്പിൽ വസിക്കുന്ന അഹ്മദികളാവട്ടെ, ഇവിടെ കനഡയിൽ വസിക്കുന്ന അഹ്മദികളാവട്ടെ, അല്ലെങ്കിൽ ലോകത്തിന്റെ ഏതു ഭാഗത്തും വസിക്കുന്ന അഹ്മദികളാവട്ടെ അവർക്ക് അല്ലാഹു ത്യാഗം ചെയ്യാൻ തൗഫീഖ് നല്കുന്നു. കാരണം അവർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നത് തങ്ങളുടെ ഉദ്ദേശ്യമാക്കിയിരിക്കുന്നു.

ഈ മസ്ജിദിന്റെ നിർമാണത്തിൽ ജമാഅത്തിന്റെ പണം പകുതിയിലേറെ ലാഭമാക്കിയിരിക്കുകയാണ്. സിസ്കാടോണിലെ മൂന്നു സഹോദരന്മാർ നിർമാണ പ്രവൃത്തിയിലുണ്ടായിരുന്നുവെന്ന് എന്നോടു പറയുകയുണ്ടായി. അവർ സന്നദ്ധ സേവനമെന്ന നിലയിൽ തങ്ങളുടെ സേവനങ്ങൾ സമർപ്പിച്ചു. ഇങ്ങനെ ഈ പണവും ലാഭമാക്കി. ഇപ്രകാരംതന്നെ മറ്റു സന്നദ്ധ സേവകരും ജോലിയിൽ പങ്കെടുത്തു. ഈ സഹോദരങ്ങളുടെ കോൺട്രാക്ടറെ നാലാമനായ മറ്റൊരു കോൺട്രാക്ടർ സഹായിക്കുകയുണ്ടായി. ഇദ്ദേഹത്തെ അല്ലാഹു ഇതേ ജോലിക്കുവേണ്ടി ടൊറാന്റോയിൽനിന്ന് ഇവിടെ അയച്ചതാണെന്നാണ് തോന്നുന്നത്. അവിടെ ഇദ്ദേഹത്തിന്റെ ജോലി തീർന്നപ്പോൾ ഇവിടെ വന്നതാണ്. എന്തായാലും ഇവരെല്ലാവരും ചേർന്നുകൊണ്ട് ജോലി ചെയ്തു. അവരിൽ ഇവിടെ റജായിനായിലെ തദ്ദേശവാസികളുമുണ്ട്. സിസ്കാട്ടോണിൽനിന്നും വന്നവരുണ്ട്. കൽഗരിയിൽനിന്ന് വന്നവരുണ്ട്. എഡ്മെന്റണിൽനിന്ന് വന്നവരുണ്ട്. ടൊറാന്റോയിൽനിന്ന് വന്നവരുമുണ്ട്. ഇവരിൽ ഖുദ്ദാമും അൻസ്വാറും പെടുന്നു. ജമാഅത്തിൽ ഈ ജോലിക്ക് വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവർ ഇല്ലാത്തതുകൊണ്ട് അവരൊഴികെ എല്ലാ ജോലിയും ഈ കോൺട്രാക്ടർമാരും സന്നദ്ധസേകവരുമാണ് ചെയ്തത്. ഭൗതികചിന്താഗതിക്കാരനായ കോൺട്രാക്ടർക്ക് ഇതിനെക്കുറിച്ച് ചിന്തിക്കാനെ സാധിക്കുകയില്ല. പക്ഷേ, ഇക്കൂട്ടർ തങ്ങളുടെ പണത്തിനും സമയത്തിനും ഒരു പരിഗണനയും നല്കിയില്ല. ഇപ്രകാരം ലജ്നയും സാമ്പത്തിക ത്യാഗം ചെയ്തതിനുപുറമെ ഈ സന്നദ്ധ സേവകർക്ക് ഭക്ഷണത്തിനുള്ള ഏർപാടു ചെയ്ത്, ഈ നിർമാണത്തിൽ ഭാഗഭാക്കായി. അവരും അവകാശികളായി. ഏകദേശം 41500 മണിക്കൂറുകൾ സന്നദ്ധ സേവകർ ജോലി ചെയ്തതായി എന്നോടു പറയുകയുണ്ടായി. തങ്ങൾ എട്ടുമണിക്കൂറാണോ അതോ അഞ്ചുദിവസമാണോ ജോലി ചെയ്യുന്നതെന്നുപോലും ചിലർ നോക്കിയിരുന്നില്ല. ഞാൻ വിചാരിക്കുന്നത് ചിലർ ധാരാളം മണിക്കൂറുകൾ രാവും പകലും ഒന്നാക്കി ജോലി ചെയ്തുവെന്നാണ്. ഏഴുദിവസംവരെ ജോലിയെടുത്തിട്ടുണ്ടാകും. സമയമൊന്നും അവർ നോക്കിയിട്ടുണ്ടാവില്ല. ഞാൻ പറഞ്ഞതുപോലെ ഈ വികാരം അല്ലാഹുവിന്റെ കൃപയാൽ എല്ലായിടത്തും അഹ്മദികളിൽ കാണുന്നു. ഒരു ഭാഗത്ത് ചില മുസ്ലീംകൾ ലോകത്ത് അരാജകത്വം പരത്തുന്നതിൽ വ്യാപൃതരായിരിക്കുമ്പോൾ മറുഭാഗത്ത് വികസിതവും ഭൗതികവുമായ കാര്യങ്ങളിൽ മുൻപന്തിയിൽനില്ക്കുന്നതായ രാജ്യത്ത് വസിക്കുന്ന അഹ്മദീ മുസ്ലീംകൾ അല്ലാഹുവിന്റെ ഭവനം നിർമിക്കുന്നതിനുവേണ്ടി തങ്ങളുടെ ധനവും സമയവും സമർപിക്കുന്നു. അതുകൊണ്ടാണ് ആരാണോ അല്ലാഹുവിന്റെ ഭവനം നിർമിക്കുന്നത് അവൻ സ്വർഗത്തിൽ തനിക്കുവേണ്ടി വീടു നിർമിക്കുകയാണ് ചെയ്യുന്നതെന്ന് നബി(സ)തിരുമേനി പറഞ്ഞത്. (സ്വഹീഹുൽബുഖാരി കിതാബുസ്സ്വലാത്ത് ബാബ് മൻ ബനീ മസ്ജിദൻ ഹദീഥ് 450)

അതിനാൽ ഇക്കാലഘട്ടത്തിലെ ഇമാമും നബി(സ) തിരുമേനിയുടെ സത്യവാനായ ദാസനും, തന്നെ വിശ്വസിച്ചിട്ടുള്ളവരോടു, നിങ്ങൾ ഇസ്ലാമിന്റെ മനോഹരമായ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നതിനും ഇസ്ലാമിന്റെ യഥാർഥവും മനോഹരവുമായചിത്രം അവതരിപ്പിക്കുന്നതിനുംവേണ്ടി മസ്ജിദ് നിർമിക്കുക എന്ന് പറഞ്ഞു.

അതുകൊണ്ട് ഈ മസ്ജിദുകളുടെ നിർമാണത്തിൽ ത്യാഗം ചെയ്യുന്നത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനോടൊപ്പം ഇസ്ലാമിനെക്കുറിച്ചുള്ള തെറ്റായ ഭാവനകളും ധാരണകളും ജനങ്ങളുടെ മനസ്സുകളിൽനിന്ന് നീക്കുക എന്നതിനും കൂടിയാണ്. മുസ്ലീംകളുടെ മസ്ജിദുകളും ഇസ്ലാമികാധ്യാപനങ്ങളും ലോകത്ത് കുഴപ്പമുണ്ടാക്കാനും നാശമുണ്ടാക്കാനുമുള്ള മാർഗമല്ലെന്നും പ്രത്യുത പരലോകത്ത് നന്മയുണ്ടാകുന്നതിനുള്ള മാർഗമാണെന്നും ലോകത്തോടു പറയുക. അല്ലാഹുവിനോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ സ്ഥാപിക്കുന്നതിനും അവനോടുള്ള കടമ നിറവേറ്റുന്നതിനും അല്ലഹുവിന്റെ സൃഷ്ടികളോടുള്ള സ്നേഹവും അവരോടുള്ള കടമയും നിറവേറ്റുന്നതിനുള്ള മാർഗവുമാണെന്ന് പറയുക.

ഈ മസ്ജിദിന്റെ നിർമാണത്തിൽ അഹ്മദീ സന്നദ്ധ സേവകർ ഭൂരിഭാഗം ജോലികളും ചെയ്ത് ജമാഅത്തിന്റെ പണം ലാഭിച്ചുവെന്ന ബഹുമതിയും കനഡ ജമാഅത്ത് ആദ്യമായി കരസ്ഥമാക്കി. ലോകത്ത് മറ്റിടങ്ങളിലും ഇതുപോലെ പണി നടക്കാറുണ്ട്. പക്ഷേ, ഇവിടെ ഇപ്രകാരം ആദ്യമായാണ് ഇങ്ങനെ നടന്നത്. അല്ലാഹു ഈ എല്ലാ ത്യാഗങ്ങൾ ചെയ്യുന്നവർക്കും- സാമ്പത്തിക ത്യാഗം ചെയ്തവരാകട്ടെ, സമയം ത്യാഗം ചെയ്തവരാകട്ടെ, വൻതുകകൾ കൊടുത്ത പുരുഷന്മാരാകട്ടെ, സ്ത്രീകളാകട്ടെ അല്ലെങ്കിൽ വാഗ്ദാനം ചെയ്തിട്ടുള്ളവരാകട്ടെ എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ സമ്പത്തിലും ആയുസ്സിലും അതിരില്ലാതെ അനുഗ്രഹം ചൊരിയുമാറാകട്ടെ.

മസ്ജിദ് നമ്മുടെ തർബിയ്യത്തിനും തബ്ലീഗിനും വളരെ പ്രധാനപ്പെട്ടതാണെന്നകാര്യം എപ്പോഴും ഓർമവെക്കേണ്ടതാണ്. അതുകൊണ്ട് ചെറിയ മസ്ജിദുകൾ നിർമിക്കാൻ ഞാൻ അമീർ സാഹിബിനോടു പറഞ്ഞിരുന്നു. പക്ഷേ, എല്ലാ ജമാഅത്തിലും മസ്ജിദ് നിർമിക്കാൻ ശ്രമിക്കേണ്ടതാണ്. ഇപ്പോൾ തങ്ങൾ ഇങ്ങനെയാണ് പ്രോഗ്രാം തയ്യാറാക്കിയിട്ടുള്ളതെന്ന് അദ്ദേഹം എന്നോടു പറഞ്ഞു; 'ഏറ്റവും കൂടുതൽ ചെറിയ മസ്ജിദുകൾ നിർമിക്കാനാണ് ഇനി ഞങ്ങളുടെ ശ്രമം. പക്ഷേ, ചെറിയ മസ്ജിദുകൾ നിർമിക്കാനുള്ള പ്രോഗ്രാം ഞങ്ങൾ ഉണ്ടാക്കിയിട്ടും എല്ലായിടത്തും എത്രയും വേഗം മസ്ജിദു നിർമിക്കാനുള്ള മാർഗങ്ങൾ ഇല്ലാത്തതുകൊണ്ട് മസ്ജിദു നിർമിക്കുന്നതിൽ സന്നദ്ധ സേവനം, വളന്റിയറെ കൊണ്ടു ജോലി ആരംഭിച്ചിരിക്കുകയാണെന്ന കാര്യവും ഞാൻ പറയാനാഗ്രഹിക്കുകയാണ്.' ഇതൊരു നല്ല പാരമ്പര്യമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിനെ ഇനി തുടർന്നു കൊണ്ടു പോകേണ്ടതുമാണ്. കഴിയുന്നിടത്തോളം പണം ലാഭിക്കാൻ ശ്രമിക്കേണ്ടതാണ്.

ഒരിടത്ത് മസ്ജിദ് നിർമാണത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'ഇക്കാലത്ത് നമ്മുടെ ജമാഅത്തിന് മസ്ജിദുകളുടെ വലിയ ആവശ്യമാണുള്ളത്. ഇത് അല്ലാഹുവിന്റെ ഭവനമാകുന്നു. ഏതൊരു ഗ്രാമത്തിൽ അല്ലെങ്കിൽ പട്ടണത്തിലാണോ നമ്മുടെ ജമാഅത്തിന്റെ മസ്ജിദ് സ്ഥാപിതമാകുന്നത് അവിടെ ജമാഅത്തിന്റെ അടിത്തറവീണു എന്ന് മനസ്സിലാക്കിക്കൊള്ളുക. മുസ്ലീംകൾ കുറവോ ഇല്ലാത്തതോ ആയ ഗ്രാമമോ പട്ടണമോ ആണെങ്കിൽ അവിടെ ഇസ്ലാമിനെ അഭിവൃദ്ധിപ്പെടുത്താൻ ഒരു മസ്ജിദ് നിർമിക്കേണ്ടതാണ്. പിന്നീട് അല്ലാഹു മുസ്ലീംകളെ വലിച്ചുകൊണ്ടു വരുന്നതാണ്. മസ്ജിദ് നിർമിക്കുന്നത് ആത്മാർഥമായ ഉദ്ദേശ്യത്തോടുകൂടി ആയിരിക്കണമെന്നതാണ് നിബന്ധന.-ഏതൊരു നിബന്ധനയാണോ അവിടന്ന് പറഞ്ഞത് അതു മുന്നിൽ വെക്കേണ്ടതാണ്- മസ്ജിദ് നിർമിക്കുന്നതിനുള്ള നിബന്ധന സദുദ്ദേശ്യമായിരിക്കണം. അല്ലാഹുവിനുവേണ്ടി മാത്രം അത് നിർമിക്കുക. സ്വാർഥപരമായ ഉദ്ദേശ്യമോ അല്ലെങ്കിൽ മറ്റെന്തെങ്കിലും ദുരുദ്ദേശ്യമോ ഉണ്ടാകാതിരിക്കുമ്പോൾ അല്ലാഹു ബർക്കത്ത് നല്കുന്നതാണ്.'(മൽഫൂദാത്ത് വാള്യം 7 പേജ് 119, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നതിന് നമ്മൾ ശ്രമിക്കേണ്ടതാണ്. അതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ 'ആത്മാർഥമായ ഉദ്ദേശ്യത്തോടുകൂടി ആയിരിക്കണം'എന്ന നിബന്ധനയും നിർബന്ധമായും പാലിക്കേണ്ടതായി വരും. അതായത് ആത്മാർഥത ഉണ്ടാകണം. താൽക്കാലികമായ വികാരവും ആവേശവും ആകാൻ പാടില്ല. നല്ല മസ്ജിദ് നിർമിക്കണമെന്നത് മാത്രമായിരിക്കരുത് ഉദ്ദേശ്യം. പ്രത്യുത അതിന്റെ ഉദ്ദേശ്യങ്ങളും പൂർത്തീകരിക്കേണ്ട ആവശ്യമുണ്ട്. വെറും പേരിനും പ്രശസ്തിക്കും വേണ്ടി മസ്ജിദ് നിർമിക്കരുത്. അല്ലെങ്കിൽ ഇത്ര ധനത്യാഗം ചെയ്തുവെന്നോ തന്റെ ഇത്ര മണിക്കൂറുകൾ നല്കിയെന്ന് പറയുന്നതിനോ ഏതെങ്കിലും മത്സരബുദ്ധിയാലോ നിർമിക്കാൻ പാടില്ല. മസ്ജിദ് നിർമാണം അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം. ഞാൻ പറഞ്ഞതുപോലെ ഈ മൂന്നു സഹോദരന്മാരും നാലാമതായി ചേർന്ന കോൺട്രാക്ടറും നിർമാണത്തിൽ കൂടുതൽ ഭാഗഭാക്കായി. ഞാനുമായി ഇന്നലെ കൂടിക്കാഴ്ചയും നടത്തി. ഈ പുണ്യകർമത്തിൽ പങ്കെടുക്കാൻ അല്ലാഹു തൗഫീഖ് നല്കിയതിൽ അവർ സന്തോഷത്തിലുമായിരുന്നു. ഇപ്പോൾ അല്ലാഹു അവർക്ക് ചില വലിയ കരാറുകളും കൊടുപ്പിച്ചിട്ടുണ്ട്. അല്ലാഹു അനുഗ്രഹിക്കാതെ വിടുകയില്ല. ചിലപ്പോൾ പെട്ടെന്ന് നല്കുന്നു. ചിലപ്പോൾ താമസിച്ച് നല്കുന്നു. എന്നല്ല ആ മൂന്നു സഹോദരന്മാരിൽ ഒരാളായ മൻസൂർ എനിക്കെഴുതി:'യൂണിവേഴ്സിറ്റിയിൽ പ്രവേശനം കിട്ടിയ യുവാവ് മുമ്പേ അദ്ദേഹം ജോലിയും ചെയ്യുന്നുണ്ടായിരുന്നു. അതു വേണ്ടെന്നുവച്ചു. മസ്ജിദ് നിർമാണത്തിന് കോൺട്രാക്ടർമാക്ക് നിന്റെ ആവശ്യമുണ്ടെന്ന് അദ്ദേഹം സ്വപ്നം കണ്ടു. അങ്ങനെ അദ്ദേഹം നമ്മളുമായി ബന്ധപ്പെട്ടു. ഇവിടെ ജോലി ചെയ്യാൻ തുടങ്ങി. ഇതിന്നിടയിൽ അദ്ദേഹത്തിന്റെ സാമ്പത്തികാവസ്ഥയും താറുമാറാകാൻ തുടങ്ങി. ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ വീട്ടു ചെലവിന് പണമില്ലെന്ന് പറഞ്ഞു. അല്ലാഹു എങ്ങനെയാണ് അനുഗ്രഹിച്ചതെന്നാൽ അന്നേ ദിസമോ അടുത്ത ദിവസമോ ടാക്സ് ക്രെഡിറ്റുകാർ നിന്റെ അധികം പണമുണ്ടായിരുന്നുവെന്നും അത് തിരിച്ചുവന്നിരിക്കുന്നുവെന്നും പറഞ്ഞ് കുറച്ചു പണം അദ്ദേഹത്തിന് നല്കി. പിന്നീട് child benefitൽ നിന്ന്

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: "ജനങ്ങളുടെ അന്തിമഫലം അവരുടെ മനോഭാവമനുസരിച്ചായിരിക്കും."(അതായത് അവരവരുടെ നിയ്യത്തനുസരിച്ച് പ്രതിഫലം പ്രാപിക്കുന്നതായിരിക്കും).

(ഇബ്നുമാജഃ)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: "ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല."

(തുർമുദി)

**ത്വാലിബെ ദുആ:**

**പി.യൂസുഫ് & കുടുംബാംഗങ്ങൾ**

**മാത്തോട്ടം**

## ഇർശാദുന്നബ്‌വി(സ)

നബി(സ)തിരുമേനി പറഞ്ഞു: "അല്ലയോ ജനങ്ങളേ! സലാം വ്യാപിപ്പിക്കുക. വിശക്കുന്നവന് ഭക്ഷണം നല്കുക. കുടുംബബന്ധം ചേർത്തു വെക്കുക. ആളുകൾ നിദ്രയിലായിരിക്കുമ്പോൾ നമസ്കരിക്കുക." (സുനൻദാരിമീ)

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

കുറച്ചു തുക കിട്ടി. ഇപ്രകാരം അദ്ദേഹത്തിന് 13, 14 ആയിരം ഡോളർ ലഭിച്ചു. സദുദ്ദേശ്യം നിബന്ധനയാണ്. അല്ലാഹു പിന്നീടു അനുഗ്രഹിക്കുന്നു.

ആഫ്രിക്കയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ വലിയ മസ്ജിദുകൾ നിർമിച്ചു നല്കുന്ന ധാരാളമാളുകളുണ്ട്. എനിക്കോർമയുണ്ട്. ഞാൻ ഘാനയിലായിരുന്നപ്പോൾ ഞാൻ കുറച്ചുകാലം താമസിച്ചിരുന്ന ടമാലെ(Tamale)പട്ടണത്തിൽ നമ്മുടെ ഒരു ചെറിയ മസ്ജിദുണ്ടായിരുന്നു. ഉറപ്പില്ലാത്ത ആ മസ്ജിദ് ആരോ ഉണ്ടാക്കിയതാണ്. അതിന് അകത്തും പുറത്തും തേച്ച് ഉറപ്പാക്കാൻ ശ്രമിച്ചിരുന്നു. ഞാൻ ഖിലാഫത്തിൽ വന്നതിനുശേഷം ആദ്യ പര്യടനത്തിന് ഘാനയിൽ ചെന്നപ്പോൾ ടമാലയിലും പോയിരുന്നു. അവിടെ വളരെ വലിയ രണ്ടുനില മസ്ജിദാണ് ഞാൻ കണ്ടത്. നിങ്ങളുടെ ഈ മസ്ജിദിനെക്കാൾ ഏകദേശം മൂന്നിരട്ടി വലുപ്പമുണ്ടാകും അതിന്. അതിനോടൊപ്പം ഓഫീസുകളും മറ്റുമുണ്ട്. നമ്മുടെ ഒരു അഹ്മദിയാണ് ഇതിന്റെ എല്ലാ ചെലവുകളും വഹിച്ചതെന്ന് എന്നോടു പറഞ്ഞു. അദ്ദേഹത്തിന് ഇത് അത്ര എളുപ്പമുള്ളതായിരുന്നില്ല എന്നും എനിക്കറിയാം. മൂന്നു നാലു വർഷം കൊണ്ടാണ് അതിന്റെ ചെലവ് അദ്ദേഹം അടച്ചുതീർത്തത്. പക്ഷേ, എന്തായാലും താൻതന്നെ എല്ലാം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു, ചെയ്യുകയും ചെയ്തു. അഹ്മദിയുടെ ഈ സ്വഭാവം ഞാൻ പറഞ്ഞതുപോലെ എല്ലായിടത്തുമുണ്ട്. ആഫ്രിക്കക്കാരെ കുറിച്ച് നമ്മൾ സാധാരണ മനസ്സിലാക്കുന്നത് ദാരിദ്ര്യം കാരണത്താൽ അവരിൽ അത്യാഗ്രഹമുണ്ടായിരിക്കുമെന്നാണ്. പക്ഷേ, അവരുടെ അടുത്ത് പണം വന്നു കഴിഞ്ഞാൽ അവർ സ്ഥാപിക്കുന്ന ത്യാഗത്തിന്റെ നിലവാരം വളരെ കുറച്ചേ കാണാൻ കഴിയുകയുള്ളു. അല്ലാഹുവിന്റെ ഭവനം നിർമിക്കുകയെന്നും അതിനുവേണ്ടി ത്യാഗം ചെയ്യുക എന്നുമുള്ള ഈ സ്വഭാവമാണ് എല്ലായിടത്തും.

പാക്കിസ്താനിൽ നമുക്ക് മസ്ജിദ് നിർമിക്കാൻ സാധ്യമല്ല. ചിലപ്പോൾ ആളുകൾ തങ്ങൾക്ക് മസ്ജിദ് നിർമിക്കാൻ കഴിയുന്നതിന് ദുആ ചെയ്യാൻ എനിക്ക് വേദനയോടെ എഴുതാറുമുണ്ട്. നിയമം കാരണത്താൽ മസ്ജിദ് ഉണ്ടാക്കാൻ സാധ്യമല്ല. സംഘടിച്ചു നമസ്കരിക്കുന്നതിന് കുറഞ്ഞ പക്ഷം ഞങ്ങൾക്കൊരു ഹാൾ കിട്ടിയിരുന്നെങ്കിൽ! മിനാരവും ഗുംബദുമൊക്കെ വളരെ അകന്ന കാര്യമാണ്. മസ്ജിദുണ്ടാക്കുന്നതിന് മുറിയുടെ മുന്നിലേക്ക് തള്ളി നില്ക്കുന്ന സാദ മിഹ്റാബ് പോലും ഉണ്ടാക്കാൻ കഴിയില്ല. എന്നല്ല ചിലയിടങ്ങളിൽ ഖിബ്‌ലയ്ക്കു അഭിമുഖമായി നമുക്കൊരു ബിൽഡിംഗ്പോലും നിർമിക്കാൻ കഴിയില്ല. എന്നാൽ, അല്ലാഹു നമുക്ക് വിദേശ രാജ്യങ്ങളിൽ നമ്മുടെ സങ്കല്പത്തെക്കാളും പരിശ്രമത്തെക്കാളും ഉപരിയായി മസ്ജിദുകൾ ഉണ്ടാക്കുന്നതിന് തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ ഈ കൃപാകടാക്ഷങ്ങൾ കണ്ട്, അവനോടുള്ള നന്ദി വികാരങ്ങൾ നിറഞ്ഞവരാണ് നമ്മൾ. ഇന്ന് ഇവിടെ വസിക്കുന്നവരും അല്ലാഹു അവർക്ക് ഒരു മസ്ജിദ് നല്കിയതിന് അവനോടു ധാരാളം നന്ദി പ്രകടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ഒരു വീട് നല്കിയിരിക്കുന്നു, അത് അല്ലാഹുവിന്റെ വീടാണ്. ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടിയുള്ള വീടാണ്. ഇത് അല്ലാഹുവിന്റെ വീടാണെന്നതിൽ സംശയമില്ല. പക്ഷേ, അല്ലാഹു തന്റെ ഗുണത്തിനുവേണ്ടി ഈ വീടുണ്ടാക്കിയിട്ടില്ല. അതിന്റെ ഗുണവും ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഈ വീട്ടിൽ വന്നുകൊണ്ടിരിക്കുകയും വരികയും ചെയ്യുന്നവർക്കാണ്. അതിനാൽ ഇത് അല്ലാഹുവിന്റെ വളരെ വലിയ ഔദാര്യമാണ്. അതിനു നമ്മൾ എത്ര നന്ദി പറഞ്ഞാലും കുറവായിരിക്കും. മസ്ജിദുകൾ നിർമിച്ചു കഴിഞ്ഞാൽ നന്ദി കാണിക്കേണ്ട മാർഗവും അല്ലാഹു നമ്മെ പഠിപ്പിച്ചിരിക്കുന്നു. അതാണ് ഞാൻ ഓതിയ ആയത്തിൽ പറഞ്ഞിരിക്കുന്നത്. അല്ലാഹു പറയുന്നു. ആയത്തിന്റെ തർജമ ഇപ്രകാരമാണ്. 'അല്ലാഹുവിൽ വിശ്വസിക്കുകയും പുനരുത്ഥാനനാളിൽ വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്തു കൊടുക്കുകയും അല്ലാഹുവിനെക്കൂടാതെ മറ്റാരേയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാണ് മസ്ജിദുകളെ ജനനിബിഢമാക്കുന്നത്. അടുത്തുതന്നെ ഇക്കൂട്ടർ സന്മാർഗം പ്രാപിച്ചവരിൽ ഉൾപ്പെടുന്നതാണ്.'

അതുകൊണ്ട് അല്ലാഹുവിലും പുനരുത്ഥാനനാളിലുമുള്ള വിശ്വാസം മുഅ്മിനാകുന്നതിനും മുസ്‌ലിമാകുന്നതിനുമുള്ള അടിസ്ഥാനപരമായ നിബന്ധനയാണ്. ഇത് നിർബന്ധമാണ്. നമസ്കാരം നിലനിറുത്തേണ്ടതും നിർബന്ധമാണെന്ന് അല്ലാഹു പറയുന്നു. നമസ്കാരം നിലനിറുത്തുക എന്നാൽ എന്താണ്? നിശ്ചിതമായ അഞ്ചുനേരങ്ങളിൽ ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് വരിക. നമസ്കാരം നിലനിറുത്തുക എന്നതിന്റെ ഉദ്ദേശ്യംതന്നെ ജമാഅത്തായിട്ടുള്ള നമസ്കാരമാണ്.

പിന്നീട് സക്കാത്ത് കൊടുക്കലാണ്. എന്താണ് സക്കാത്ത്? സ്വന്തം മുതലുകൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവു ചെയ്ത് ശുദ്ധീകരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി ഈ ത്യാഗത്തിലും വളരെ വളർന്നു കഴിഞ്ഞിട്ടുള്ളവരാണ്. നമസ്കാരത്തിൽ വരികയും ജമാഅത്തോടുകൂടി നമസ്കരിക്കുകയും ചെയ്യുന്നതിൽ എല്ലായിടത്തും അലസത കാണുന്നുണ്ട്. ഇതാണെങ്കിൽ അടിസ്ഥാനപരമായ കാര്യവുമാണ്. ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

സക്കാത്തിനെക്കുറിച്ച് ഞാൻ ഇതും കൂടി പറയട്ടെ, ഒന്ന് അതിൽ പൊതുവായിട്ടുള്ള സക്കാത്ത് ഉൾപെടുന്നു. ബാങ്കിൽ നിക്ഷേപമുള്ളവരും അല്ലെങ്കിൽ പണം കൈയിലുള്ളവരുമായ എല്ലാ ഓരോ സമ്പന്ന വ്യക്തിക്കും അത് നിർബന്ധമാണ്. വൻതുകകൾ വർഷംമുഴുവൻ അങ്ങനെ കിടക്കുന്നു; അതുപോലെതന്നെയാണ് സ്വർണവും വെള്ളിയും കൈവശമുള്ളവരും. ചില കർഷകരുടെമേൽ സക്കാത്ത് നിർബന്ധമാണ്. പിന്നീട് വളരെ വലിയ ഡയറി ഫോംമുള്ള(Dairy Farm)വരിൽ സക്കാത്ത് നിർബന്ധമാണ്. ഈ സക്കാത്തിൽ എല്ലാ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്നു. അതിന് ഒരു നിശ്ചിത തോതുണ്ട്. അത് നബി(സ)തിരുമേനിയുടെ കാലം മുതൽ അവിടന്ന് നിശ്ചയിച്ചിട്ടുള്ളതാണ്. ഇപ്രകാരംതന്നെ സക്കാത്തിന്റെ കാര്യത്തിൽ സ്ത്രീകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ വന്നതിനുശേഷം സ്ഥിതികൾ മെച്ചപ്പെട്ട അവരുടെ കൈയിൽ മതിയാവോളം സ്വർണാഭരണങ്ങൾ ഉണ്ടായിരിക്കും. പ്രായം ചെന്ന സ്ത്രീകളേയും പ്രായം കുറഞ്ഞ സ്ത്രീകളേയും ഭാരമുള്ള സ്വർണവളകൾ ധരിച്ചിട്ടുള്ളത് അധികവും കാണാറുണ്ട്. ധരിച്ചുകൊള്ളുക. അത് സൗന്ദര്യമാണ്. അല്ലാഹു അനുവദിച്ചിട്ടുള്ളതുമാണ്. പക്ഷേ, അതിന് സക്കാത്ത് കൊടുക്കേണ്ടതും നിർബന്ധമാണ്.

പിന്നീട് സക്കാത്തിൽ, ധനം പരിശുദ്ധമാക്കുന്നതിൽ, സ്വന്തം സ്വത്തുകൾ ശുദ്ധീകരിക്കുന്നതിൽ, അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണത്തിനും അതുമായി ബന്ധപ്പെട്ട ജോലികളിലും ചെലവഴിക്കപ്പെടുന്ന ചന്ദകളും ഉൾപ്പെടുന്നു. അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിർവഹിക്കുന്നതിന് ചെലവഴിക്കപ്പെടുന്നു. ഈ നേരത്ത് അല്ലാഹവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തുതന്നെയാണ് ദീനിന്റെ പ്രചാരണ പ്രവർത്തിനുള്ള ജോലികളിൽ ചെലവഴിക്കുന്നത്. മസ്ജിദുകളുടെ നിർമാണം, മിഷൻ ഹൗസുകളുടെ നിർമാണം, മുബല്ലിഗുമാരുടെ വ്യവസ്ഥിതി, സ്കൂളുകൾ, ആശുപത്രികൾ മുതലായവ.

പിന്നീട് സക്കാത്തിനുശേഷമുള്ള അടുത്ത കല്പന അല്ലാഹു പറയുന്നു, നിങ്ങൾ അല്ലാഹുവിനെയല്ലാതെ മറ്റൊന്നിനേയും പേടിക്കരുത്. അല്ലാഹുവിനോടുള്ള ഭയം ഉണ്ടെങ്കിൽ മനുഷ്യന് ഒരുപാട് തിന്മകളിൽനിന്ന് രക്ഷപ്പെടാൻ കഴിയും. ഈ രാജ്യങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഒരുപാട് തിന്മകളുണ്ട്. അവയിൽനിന്ന് രക്ഷപ്പെടാൻ സാധിക്കും. അല്ലാഹുവിനോടുള്ള ഭയം മനസ്സിലുണ്ടാകുക എന്നത് വളരെ അത്യാവശ്യമാണെന്ന കാര്യം ഓർക്കുക. അല്ലാഹവിനോടുള്ള ഭയംതന്നെയാണ് തഖ്‌വാ. തഖ്‌വായെ കുറിച്ച് വിശുദ്ധ ഖുർആനിൽ ഒരുപാട് വചനങ്ങളുണ്ട്. അവയിൽ ഒരുപാട് കല്പനകൾ നമുക്ക് നല്കപ്പെട്ടിരിക്കുന്നു. ഇക്കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അടുത്ത് സന്മാർഗപ്രാപ്തരിൽപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കുക. മസ്ജിദ് ജനനിബിഢമാക്കുക എന്ന ഉദ്ദേശ്യം പൂർത്തിയാക്കുന്നവരായേക്കാം. ഇതേ കർമങ്ങളും ഇതേ ഈമാനിൽ നിലകൊള്ളലും ഉറച്ചു നില്ക്കലുമാണ് മസ്ജിദിന്റെ നിർമാണോദ്ദേശ്യം പൂർത്തിയാക്കുന്നത്. ഇക്കാര്യം തന്നെയാണ് അല്ലാഹുവിനോടു നന്ദിയുള്ളവരാക്കുന്നത്. അല്ലെങ്കിൽ നമ്മൾ മസ്ജിദ് ഉണ്ടാക്കുകയും നമസ്കാരങ്ങളിൽ വല്ലപ്പോഴുമൊക്കെ വരുകയും ചെയ്യുന്നതിൽമാത്രം സന്തോഷിക്കുകയും അല്ലാഹുവിനെക്കാൾ കൂടുതൽ മനുഷ്യരെ ഭയപ്പെടുകയും ഭൗതികാസക്തിക്ക് മുൻഗണന നല്കുകയും ദീനിനേയും അതിലെ നിർബന്ധ കാര്യങ്ങളും മറക്കുന്നവരുമാണെങ്കിൽ താൽക്കാലികമായ പ്രതിഫലം ആ വ്യക്തി സമ്പാദിച്ചേക്കാം. പക്ഷേ, അല്ലാഹുവിന്റെ സ്ഥിരമായ കൃപകളിൽനിന്ന് അകന്നുപോകുന്നവരായിരിക്കും. അതിനാൽ അല്ലാഹു പറയുന്നു: 'ഈമാനിന്റേയും ആദർശത്തിന്റേയും അടിസ്ഥാനത്തിൽ ശക്തരേയും കർമപരമായ നിലയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നവരേയും കൊണ്ടാണ് മസ്ജിദ് യഥാർഥത്തിൽ ജനനിബിഢമാകുന്നത്.'

മസ്ജിദുകളെ ജനസാന്ദ്രമാക്കുക എന്ന നിർബന്ധ കടമ നിർവഹിക്കാനുള്ള ഏറ്റവും കൂടുതൽ ഉത്തരവാദിത്വമുള്ളത് ജമാഅത്തിന്റെ ഭാരവാഹികൾക്കും ഉപസംഘടനകളുടെ ഭാരവാഹികൾക്കുമാണ്. അതുകൊണ്ട് അത് നിർബന്ധമായും ചെയ്യുക. ജമാഅത്തിനു നല്കിയിട്ടുള്ള ധനത്തിന്റേയും സമയത്തിന്റേയും, ത്യാഗത്തിന്റേയും സ്ഥിരമായ പ്രതിഫലം പറ്റുന്നതിന് ഭാരവാഹികളും എല്ലാ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. അതായത് നിങ്ങളുടെ എണ്ണം കൊണ്ട് ഇപ്പോഴുള്ള മസ്ജിദിനെക്കാൾ മൂന്നിരട്ടി വർധിക്കുകയും അത് ഈ മസ്ജിദിനെ ചെറുതാക്കുകയും വേണം. നമസ്കാരക്കാരുടെ എണ്ണം വർധിക്കുമ്പോഴും ജമാഅത്തിന്റെ എണ്ണം വർധിക്കുമ്പോഴുമാണ് മസ്ജിദ് ചെറുതായിത്തീരുന്നത്. ജമാഅത്തിന്റെ എണ്ണം വർധിക്കാൻ തബ്‌ലീഗ് വളരെ നിർബന്ധമാണ്.

യഥാർഥ ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും സന്ദേശം ഇവിടെത്തെ വാസികളായ എല്ലാ ഓരോരുത്തർക്കും എത്തിച്ചുകൊണ്ട് മസ്ജിദ് നിർമിച്ചതിൽ അല്ലാഹുവിനോടു നന്ദി കാണിക്കുക. ഇത് അല്ലാഹുവിനോടു നന്ദി കാണിക്കുന്നതിനോടൊപ്പം ജനങ്ങളോടുള്ള കടമ നിർവഹിക്കലുമാണ്. ഇത് നമ്മൾ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നവരുടെ അവകാശമാണ്. അവരെ മാലിന്യങ്ങളിൽനിന്നും അഴുക്കകളിൽനിന്നും പുറത്തുകൊണ്ടുവരിക. ലോകത്തിന് അവരുടെ യഥാർഥ സ്രഷ്ടാവിനെക്കുറിച്ച് പറഞ്ഞുകൊടുക്കുക എന്നത് നമ്മുടെ നിർബന്ധ കടമയാണ്. ഇക്കാലത്ത് ലോകത്തെ ഭൂരിഭാഗമാളുകളും ഭൗതികാഭിവൃദ്ധിയിലും അതിന്റെ പ്രകാശത്തിലും തിളക്കത്തിലും മുഴുകുന്നതും തങ്ങളുടെ എല്ലാമായി മനസ്സിലാക്കുന്നു. പക്ഷേ, ഈ താൽക്കാലികമായ പ്രകാശങ്ങൾക്കൊടുവിൽ ഒരു കൂരാകൂരിരുട്ടാണെന്നും അതിൽ മുങ്ങാൻ പോകുകയാണെന്നും അവർക്കറിയില്ല. ഇത്തരം ഘട്ടത്തിൽ തെളിമയാർന്ന പര്യവസാനത്തിന്റെ വഴി കാണിച്ചുകൊടുക്കേണ്ടത് ജമാഅത്തിന്റെ ജോലിയാണ്. ഇക്കാണുന്നത് താൽക്കാലികമായ പ്രകാശമാണെന്ന് അവരോടു പറയുക. ഏതൊന്നിന്റെ ഒടുക്കും പ്രകാശമുള്ളതാണോ അതാണ് യഥാർഥ പ്രകാശം. അത് അല്ലാഹുവിനോടുള്ള കടമനിറവേറ്റുന്നതുകൊണ്ടാണ് ലഭിക്കുന്നത്. അവനെ ആരാധിക്കുന്നതുകൊണ്ടാണ് ലഭിക്കുന്നത്. നിസ്വാർഥരായിക്കൊണ്ട് ആരാധിക്കുന്നതിലാണ് ഉണ്ടാകുന്നത്. നമുക്ക് ദുൻയാവിനെക്കാളേറെ ആഖിറത്തിനെ കുറിച്ച് ചിന്തയുണ്ടാകുമ്പോഴാണ് അതുണ്ടാകുന്നത്. നമ്മൾ നമ്മെ സ്വയം നോക്കുമ്പോഴാണ് ലോകത്തോടു പറയാനും കഴിയുന്നത്. നമ്മുടെ ആഖിറത്തിനെ കുറിച്ചും ചിന്തയുണ്ടാകുമ്പോഴാണ് മുന്നോട്ടു നമുക്ക് വെളിച്ചം കാണിക്കാൻ സാധിക്കുന്നത്. അതിനുശേഷം നമ്മൾ കേവലം സ്നേഹത്തിന്റേയും അനുരക്തിയുടേയും മുദ്രാവാക്യം മുഴക്കുന്നവരായിരിക്കുകയില്ല. മറിച്ച് പരസ്പരം കടമ നിറവേറ്റുന്നവരായിരിക്കും. നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്തുന്നവരായിരിക്കും. അല്ലാഹുവിന്റെ സ്നേഹത്തെ കരസ്ഥമാക്കാൻ ശ്രമിക്കുന്നവരായിരിക്കും എന്നല്ല നമ്മുടെ എല്ലാ വാക്കുകളിൽനിന്നും പ്രവൃത്തിയിൽനിന്നും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റേയും അനുരക്തിയുടേയും ഉറവ പൊന്തിവരുന്നതോടൊപ്പം അല്ലാഹുവിന്റെ സൃഷ്ടികളോടും സ്നേഹത്തിന്റേയും അനുരക്തിയുടേയും ഉറവ പൊന്തി വന്നുകൊണ്ടിരിക്കും. നമ്മെ ദൂരെനിന്ന് കണ്ടുകൊണ്ടും നമ്മുടെ മുദ്രാവാക്യം കേട്ടുകൊണ്ടും നമ്മുടെ അടുത്തുവരുന്നവർ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ നമ്മളിൽനിന്ന് കേട്ട് ആകർഷിതരാകുന്നവർ അടുത്തുവന്നിട്ട്, നിങ്ങളെ ദൂരത്തുനിന്ന് കണ്ടതുപോലെയല്ലല്ലോ അടുത്തുവന്നപ്പോൾ കാണുന്നതെന്ന് ഒരിക്കലും പറയാൻ പാടില്ല. നമ്മൾ പരലോ

കസ്വർഗം കരസ്ഥമാക്കുന്നതിന് നമ്മുടെ ആരാധനകളും കർമങ്ങളുംകൊണ്ട് ഈ ലോകത്തേയും സ്വർഗമാക്കുക. നബി(സ)തിരുമേനി പറഞ്ഞു, നിങ്ങൾ സ്വർഗത്തിലെ തോട്ടങ്ങളിലൂടെ പോകുമ്പോൾ അവിടെനിന്ന് കുറച്ചു തിന്നുകയും കുടിക്കുകയും ചെയ്യുക. ഹദ്റത്ത് അബൂഹുറയ്റ(റ) ആ മജ്‌ലിസിൽ ഇരിപ്പുണ്ടായിരുന്നു. മിക്ക നിവേദനങ്ങളും അദ്ദേഹത്തിൽനിന്നുള്ളതാണ്. അദ്ദേഹം പറയുന്നു: ഞാൻ അപ്പോൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! ജന്നത്തിലെ തോട്ടമെന്നാൽ എന്താണ്?' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'മസ്ജിദുകൾ ജന്നത്തിലെ തോട്ടങ്ങളാണ്.' പിന്നീടു ഞാൻ ചോദിച്ചു: യാ റസൂലല്ലാഹ്! സ്വർഗത്തിൽ തിന്നുകയും കുടിക്കുകയും ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? അവിടന്ന് പറഞ്ഞു: 'ദൈവസ്മരണയും തസ്ബീഹും തഹ്മീദും അൽഹംദുലില്ലാഹ്, ലാ ഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ, ഇതെല്ലാം പറയലാണ് സ്വർഗത്തിലെ തീറ്റിയും കുടിയും.'(സുനനുത്തുർമുദി അബ്‌വാബുദ്ദഅ്‌വാത്ത് ബാബു മിൻഹു ഹദീഥ് 3509)

അതിനാൽ നമസ്കാരങ്ങളോടൊപ്പം മസ്ജിദുകളിൽ ഇരുന്ന് തസ്ബീഹ് തഹ്മീദ് ചെയ്യലും അല്ലാഹുവിന്റെ മഹത്ത്വം വാഴ്ത്തലും ഈ ലോകത്ത് സ്വർഗത്തിലെ പഴം തിന്നലാണ്. ഈ രീതിയിൽ ദൈവസ്മരണയിലേക്കും അവനെ ആരാധിക്കുന്നതിലേക്കും ശ്രദ്ധിക്കുന്നതുകൊണ്ട് കേവലം പരലോകസ്വർഗത്തെ നോക്കുകയല്ല ചെയ്യുന്നത്. മറിച്ച് അല്ലാഹുവിന്റെ കൽപനകളിലൂടെ നടന്ന് മനുഷ്യരോടുള്ള കടമകൾ നിർവഹിക്കാനും ശ്രമിക്കുന്നതാണ്. അല്ലാഹു പറഞ്ഞതുപോലെ തന്റെ കർമങ്ങളെ വാർത്തെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്.

ഈ ലോകത്തും സ്വർഗത്തിലെ പഴങ്ങൾ തിന്നുകയും തീറ്റിക്കുകയും ചെയ്യുന്നവരും അടുത്ത ലോകത്തും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരും എത്രമാത്രം സൗഭാഗ്യരാണ്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി തഖ്‌വയിലൂടെ നടക്കുന്നവരിൽ പെട്ടവരാണവർ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'വിശുദ്ധ ഖുർആനിൽ എല്ലാ കല്പനകളേയും അപേക്ഷിച്ച് തഖ്‌വയ്ക്കും ദോഷങ്ങളിൽനിന്ന് അകന്നു നില്ക്കുന്നതിനും വലിയ താക്കീതാണുള്ളത്. കാരണം തഖ്‌വാ എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുന്നതിനുള്ള ശക്തി പകരുന്നു. എല്ലാ നന്മയിലേക്കും ഓടുന്നതിന് പ്രേരണ നല്കുന്നു. ഇത്രമാത്രം താക്കീതു ചെയ്തതിലുള്ള രഹസ്യം തഖ്‌വ മനുഷ്യന് എല്ലാ ഓരോ വാതിലിലും സമാധാനത്തിന്റെ ഏലസ്സാണെന്നതാണ്. എല്ലാ തരത്തിലുള്ള കുഴപ്പങ്ങളിൽനിന്നും സുരക്ഷിതമായിരിക്കാനുള്ള കോട്ടയാണ്." അതായത് ശക്തമായ കോട്ട. തഖ്‌വയിലൂടെ നടന്നാൽ അതിൽ മനുഷ്യൻ ശയ്ത്വാനിൽനിന്ന് രക്ഷപ്പെടുന്നു. പറഞ്ഞു:'മറ്റുള്ളവർ പിടിക്കപ്പെട്ട് ചിലപ്പോൾ നാശംവരെ എത്തുന്ന വ്യർഥവും ഭയാനകവുമായ വഴക്കുകളിൽനിന്ന് ഒരു മുത്തഖി മനുഷ്യന് രക്ഷപ്പെടാവുന്നതാണ്.'(അയ്യാമുസ്സുൽഹ്, റൂഹാനീ ഖസായിൻ വാല്യം 14 പേജ് 342)

നിങ്ങൾ കാണിച്ച ത്യാഗത്തിന്റെ മാതൃകകളെ തഖ്‌വയോടുകൂടി നിലനിറുത്തേണ്ടത് നിർബന്ധമാണെന്ന കാര്യം എല്ലാവരും ഓർമ വെക്കേണ്ടതാണ്. ഇല്ലെങ്കിൽ ഇത് താൽക്കാലികമായ ത്യാഗങ്ങളായിരിക്കും. ഞാൻ പറഞ്ഞതുപോലെ തബ്‌ലീഗിനോടുള്ള കടമ നിറവേറ്റലും നന്ദി കാണിക്കലാണ്. പക്ഷേ, മസ്ജിദ് നിർമിക്കുന്നതുകൊണ്ട് സ്വയമേവ മസ്ജിദിലേക്ക് ദൃഷ്ടി ഉയരുകയും മസ്ജിദ് കണ്ടിട്ട് നിങ്ങളിലേക്ക് ശ്രദ്ധ ഉണ്ടാകുകയും ചെയ്യുന്ന ധാരാളമാളുകളുണ്ടാകും. ഇവിടെ വസിക്കുന്ന അഹ്മദികളിലേക്ക് ശ്രദ്ധയുണ്ടാകും. മറ്റുള്ളവരുടെ ഹിദായത്തിന് നിമിത്തമാകുന്നത് ഇപ്പോൾ എല്ലാ അഹ്മദികളുടേയും കർമവും തഖ്‌വയുമാണ്. അതിനാൽ ഈ മസ്ജിദ് ഇവിടെ വസിക്കുന്ന എല്ലാ അഹ്മദികളുടേയുംമേൽ ഉത്തരവാദിത്വം ഇട്ടുകൊണ്ടിരിക്കുന്നു. ഈ ഉത്തരവാദിത്വം പൂർത്തിയാക്കുന്നതിന് എല്ലാ അഹ്മദികൾക്കും മാതൃക കാഴ്ചവെക്കേണ്ട ആവശ്യമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നമ്മുടെ ജമാഅത്തിലെ ആളുകൾ മാതൃകയായി കാണിക്കേണ്ടതാണ്.' പറഞ്ഞു, 'നമ്മുടെ ജമാഅത്തിലായിക്കൊണ്ട് ചീത്ത മാതൃകകാണിക്കുകയും കർമപരവും വിശ്വാസപരവുമായ ബലഹീനത കാണിക്കുകയും ചെയ്യുന്നവൻ ള്വാലിമാണ്. കാരണം അവൻ മുഴുവൻ ജമാഅത്തിനും ചീത്തപ്പേരുണ്ടാക്കുന്നു. നമ്മയേയും ആക്ഷേപത്തിന് കുറിമാനമാക്കുന്നു. ചീത്ത മാതൃകകൊണ്ട് മറ്റുള്ളവർക്ക് വെറുപ്പുണ്ടാകുന്നു. നല്ല മാതൃകകൊണ്ട് ജനങ്ങൾക്ക് താൽപര്യമുണ്ടാകുന്നു.' അവിടന്ന് പറയുന്നു: 'ചിലയാളുകളുടെ കത്ത് നമുക്ക് കിട്ടാറുണ്ട്. അവർ എനിക്കെഴുതുന്നു. 'ഞാനിതുവരെ നിങ്ങളുടെ ജമാഅത്തിൽ പ്രവേശിച്ചിട്ടില്ലെങ്കിലും അങ്ങയുടെ ജമാഅത്തിലെ ചിലയാളുകളുടെ അവസ്ഥകൾ കണ്ട് ഈ ജമാഅത്തിന്റെ അധ്യാപനം തീർച്ചയായും നന്മയിൽ അധിഷ്ഠിതമാണെന്ന് കണക്കുകൂട്ടുകയാണ്.'

ജമാഅത്തിലെ ആളുകളെ കാണുമ്പോൾ നിങ്ങളുടെ അധ്യാപനം ശാന്തിയുടേയും സമാധാനത്തിന്റേയും അനുരക്തിയുടേയും സ്നേഹത്തിന്റേയും അധ്യാപനമാണെന്ന് ഇന്നും ധാരാളമാളുകൾ എനിക്കെഴുതുകയും കണ്ടുമുട്ടുമ്പോൾ പറയുകയും ചെയ്യാറുണ്ട്. ഈ സ്വഭാവം തുടർന്നുകൊണ്ടു പോകേണ്ടതാണ്. ഈ അധ്യാപനം കൂടുതൽ പരത്തേണ്ടതാണ്. ഇതിനെ സ്ഥിരമായി തങ്ങളുടെ കർമങ്ങളിൽ വാർത്തെടുക്കേണ്ടത് എല്ലാ അഹ്മദികൾക്കും നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: 'അല്ലാഹുവും മനുഷ്യന്റെ കർമങ്ങളുടെ ഡേബുക്ക് വെക്കാറുണ്ട്.' നിത്യവുമുള്ള കാര്യങ്ങളുടെ ഒരു ഡയറി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിൽ കർമങ്ങൾ എഴുതപ്പെടുന്നു."അതുകൊണ്ട് മനുഷ്യനും തങ്ങളുടെ കർമങ്ങളുടെ ഒരു ഡേബുക്ക് തയ്യാറാക്കേണ്ടതാണ്." അല്ലാഹു എന്തായാലും ഡയറി ഉണ്ടാക്കുന്നുണ്ട്. പക്ഷേ, സ്വയമേവ എല്ലാ ഓരോരുത്തരും ഓരോ മുഅ്മിനും തങ്ങളുടെ അവസ്ഥകൾ പരിശോധിക്കേണ്ടതാണ്. നിത്യവും തങ്ങളുടെ ഡയറി എഴുതുക. സൽകർമമാണോ ദുഷ്കർമമാണോ ചെയ്തതെന്ന് പരിശോധിക്കുക. പറഞ്ഞു:മനുഷ്യനും തങ്ങളുടെ കർമങ്ങളുടെ ഒരു ഡേബുക്ക് തയ്യാറാക്കേണ്ടതാണ്. "അതിൽ ചിന്തിക്കേണ്ടതാണ്." വെറും എഴുതിവച്ചാൽ പോര. പ്രത്യുത അതിൽ ചിന്തിക്കേണ്ടതാണ്. 'നന്മയിൽ മുന്നോട്ടു എത്രത്തോളം ചുവടു വെച്ചിട്ടുണ്ടെന്ന്.' നന്മയിൽ എത്രത്തോളം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നാണ് മനുഷ്യൻ ചിന്തിക്കേണ്ടത്. ഇന്നലെ എവിടെയായിരുന്നു. അതിൽനിന്ന് എത്രത്തോളം മുന്നോട്ടു നീങ്ങി. പറഞ്ഞു:'മനുഷ്യന്റെ ഇന്നും നാളേയും സമമാകാൻ പാടില്ല. മനുഷ്യന്റെ ഇന്നും നാളെയും നന്മയുടെ കാര്യത്തിൽ സമമായാൽ അവൻ നഷ്ടത്തിലാണ്.'ഞങ്ങളുടെ ഇന്നലെയുണ്ടായിരുന്ന നന്മയിൽ ഞങ്ങൾ ഇന്നും നിലകൊള്ളുന്നുണ്ട് എന്ന കാര്യത്തിൽ സന്തോഷിക്കരുത്. പ്രത്യുത അവിടന്ന് പറയുന്നു: 'നിങ്ങളുടെ ചുവട് ഇന്നലത്തെ അപേക്ഷിച്ച് ഇന്ന് നന്മയിൽ മുന്നോട്ടാകണം. അങ്ങനെ അല്ലെങ്കിൽ മനസ്സിലാക്കിക്കൊള്ളുക നിങ്ങൾ പ്രയോജനപ്പെടുത്തുന്നില്ലെന്ന്. നഷ്ടം വഹിച്ചുകൊണ്ടിരിക്കുന്നുവെന്ന്. നഷ്ടത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നുവെന്ന്.' പറഞ്ഞു:'മനുഷ്യൻ ദൈവത്തെ വിശ്വസിക്കുന്നവനും സമ്പൂർണ വിശ്വാസം ഉൾക്കൊള്ളുന്നവനുമാണെങ്കിൽ ഒരിക്കലും നഷ്ടപ്പെട്ടവനാകുകയില്ല. എന്നല്ല ആ ഒരുത്തനുവേണ്ടി ലക്ഷക്കണക്കിനാളുകൾ രക്ഷിക്കപ്പെടുന്നു."(മൽഫൂദാത്ത് വാല്യം 10 പേജ് 137-138 1985 ലണ്ടൻ പതിപ്പ്)

'ഇന്ന് ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുക എന്നത് അഹ്മദികളുടെ ജോലിയാണ്. പക്ഷേ, ഇതിനുള്ള നിബന്ധന നമ്മുടെ ചുവട് മുന്നോട്ടു കുതിക്കുക എന്നതാണ്.' അവിടന്ന് പറയുന്നു:'ഒരാളെ രക്ഷിക്കുന്നതിനുവേണ്ടി അല്ലാഹു ലക്ഷക്കണക്കിനാളുകളെ രക്ഷിക്കുന്നു. അതുകൊണ്ട് ലോകത്തെ രക്ഷിക്കുക എന്നത് ഓരോ അഹ്മദിയുടേയും വളരെ വലിയ ഉത്തരവാദിത്വമാണ്. ലോകം ദൈവത്തെ മറന്നു കൊണ്ടിരിക്കുന്നു. ലോകത്തെ രക്ഷിക്കുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. സ്വഭാവപരമായി ചില നല്ലയാളുകളുണ്ട്. തങ്ങളുടെ സ്വാഭാവം നല്ലതാണെന്നും മതത്തെ തങ്ങൾ എന്തു വിശ്വസിക്കാനാണെന്നും ചിലർ ചോദിക്കുന്നു. അവരുടെ അടിസ്ഥാനപരമായ ചില സ്വഭാവങ്ങൾ നല്ലതാണ്. നിത്യേനയുള്ള സ്വഭാവങ്ങളായ കൂടിക്കാണുക, ഇടപഴകുക തുടങ്ങിയവ നല്ലതുതന്നെയാണ്. ചിലരുടെ അവകാശങ്ങളും ചിലർ പിടിച്ചെടുക്കാറില്ല. എന്നാൽ, ചിലതിന്റെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇക്കൂട്ടർ പാപ്പരായിത്തീർന്നിരിക്കുന്നു. നിയമങ്ങളും അവരെ സംരക്ഷിക്കുന്നു. അല്ലാഹുവിനെ ലോകം തികച്ചും മറന്നു കഴിഞ്ഞിരിക്കുകയാണ്. അത്തരക്കാരിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തുവന്നിട്ടുള്ള നമ്മളും നമ്മുടെ വില മറന്നും അല്ലാഹുവിനെ മറന്നും ഇസ്‌ലാമികമായ ധാർമികത മറന്നുംകൊണ്ട് ദുൻയാവിന്റെ പിന്നാലെ പോകുന്നവരാകുകയാണെങ്കിൽ ലോകത്തെ പരിഷ്കരിക്കുന്നത് പിന്നാരാണ്? ജനങ്ങൾ വന്നു ചേരുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹുവിന്റെ വാഗ്ദാനമുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, നമ്മൾ അതിൽനിന്ന് തടയപ്പെട്ടവരായിരിക്കാൻ പാടില്ല. അതുകൊണ്ട് നമുക്ക് നമ്മുടെ ഉത്തരവാദിത്വങ്ങൾ ശരിയായ നിലയിൽ നിർവഹിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞതുപോലെ ആത്മപരിശോധന നടത്തുകയെന്നത് ഇന്നും എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. മസ്ജിദ് നിർമിച്ചു എന്ന കാര്യത്തിൽമാത്രം സന്തോഷിക്കാതിരിക്കുക. അല്ലാഹുവിന്റെ മുന്നിൽ കുനിയുന്നവരുടേയും ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ)യുടെ കൊടിക്കീഴിൽ വരുന്നവരുടേയും എണ്ണം വർധിപ്പിക്കുക എന്നതായിരിക്കേണ്ടതാണ് നമ്മുടെ ടാർഗറ്റ്. നമ്മുടെ ചുവടു മുന്നോട്ടു കുതിക്കുന്നതാകാത്തിടത്തോളം ഇത് സാധ്യമാകുകയില്ല. നമ്മളിൽ എല്ലാ ഓരോരുത്തരും സ്വന്തക്കാർക്കുവേണ്ടിയും അന്യർക്കുവേണ്ടിയും മാതൃകയാവേണ്ടതാണ്. നമ്മളിൽ ആരും ആരേയും ദുഃഖിപ്പിക്കുന്നവരാകരുത്. പ്രത്യുത സ്വന്തക്കാരോടും അന്യരോടുമുള്ള കടമകൾ നിറവേറ്റുന്നവരാകുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നമുക്കുവേണ്ടിയും നമ്മുടെ മക്കൾക്കും ഭാര്യയ്ക്കും കുട്ടികൾക്കും ബന്ധുമിത്രാദികൾക്കുവേണ്ടിയും നമ്മൾ കാരുണ്യത്തിന് കാരണക്കാരാകുക. എതിരാളികൾക്ക് ഒരിക്കലും ആക്ഷേപിക്കാനുള്ള അവസരം കൊടുക്കാതിരിക്കേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 10 പേജ് 138 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് നമ്മളിൽ എല്ലാ ഓരോരുത്തർക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വേദന അനുഭവപ്പെടേണ്ടതാണ്. ജമാഅത്തിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നും സൽപ്പേരിനു കാരണമാകുന്ന മാതൃക നമ്മൾ സ്ഥാപിക്കേണ്ടതാണ്. അല്ലാഹു നമുക്കിതിനു തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ നാളെ നമ്മുടെ ഇന്നത്തെക്കാൾ മെച്ചപ്പെട്ടതാകട്ടെ. നമ്മുടെ കുട്ടികളും നമ്മുടെ സന്താനങ്ങളും തങ്ങളുടെ മാതാപിതാക്കൾ നല്കിയ ത്യാഗങ്ങൾ, മസ്ജിദ് നിർമിച്ചത്, തബ്‌ലീഗ് പ്രവർത്തങ്ങൾ നടത്തിയത്, കുട്ടികൾക്ക് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്ന് ഉപദേശിച്ചത്, തങ്ങൾക്കുവേണ്ടി അവർ വിട്ടുംവെച്ചുപോയതാണ് യഥാർഥ സമ്പത്ത് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കുന്നവരാകട്ടെ. പിന്നീടു വരുന്ന തലമുറ തങ്ങളുടെ സന്താനങ്ങളുടെ മനസ്സുകളിൽ ഈ ചിന്ത ഉണ്ടാക്കിക്കൊണ്ടിരിക്കുന്നവരാകാനും ഈ പരമ്പര ഇങ്ങനെ തുടർന്നു കൊണ്ടേയിരിക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളെ നമ്മുടെ വരും തലമുറകളും സ്വരുക്കൂട്ടിക്കൊണ്ടിരിക്കുന്നവരാകട്ടെ. അല്ലാഹു അങ്ങനെതന്നെ ആക്കുമാറാകട്ടെ.

## ഇർശാദുന്നബ്‌വി(സ)

"ഒരു മനുഷ്യന് സ്വർണത്താലുള്ള ഒരു താഴ്‌വര ഉണ്ടെങ്കിലും രണ്ടാമതായി മറ്റൊന്നുകൂടി ഉണ്ടാകാൻ അവൻ ആഗ്രഹിക്കും. അവന്റെ ഖബ്റല്ലാതെ അവനെ തൃപ്തിപ്പെടുത്തുകയില്ല."

(മുത്തഫിഖുൻ അലയ്ഹി)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

"പാപരഹിതനായി അല്ലാഹുവിനെ കണ്ടുമുട്ടുന്നതുവരെ മുഅ്മിനുകൾ തന്റെ ശരീരത്തിലും സന്താനങ്ങളിലും സമ്പത്തിലും പരീക്ഷിക്കപ്പെട്ടുകൊണ്ടേയിരിക്കും."

(തുർമുദി)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# തഹ്‌രീക്കെ ജദീദിന്റെ പുതുവർഷപ്രഖ്യാപനവും ഭാരതത്തിലെ അഹ്‌മദികളോടുള്ള അഭ്യർഥനയും

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2016 നവംബർ 11ന് ചെയ്ത ജുമുഅ ഖുത്ബയിൽ തഹ്‌രീക്കെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തുകയുണ്ടയി. അല്ലാഹുവിന്റെ കൃപയാൽ തഹ്‌രീക്കെ ജദീദിന്റെ 82-ാം വർഷമാണ് ഇക്കഴിഞ്ഞ ഒക്ടോബർ 31 ന് അവസാനിച്ചത്. നവംബർ 1 മുതൽ 83-ാം വർഷം ആരംഭിക്കുകയും ചെയ്തു. അമീറുൽ മുഅ്മിനീൻ വിശുദ്ധഖുർആന്റേയും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യത്തേയും മാഹാത്മ്യത്തേയും അനുഗ്രഹങ്ങളേയും കുറിച്ച് പറയുകയുണ്ടായി. വിവിധ രാജ്യങ്ങളിലുള്ള ജമാഅത്തംഗങ്ങളുടെ സാമ്പത്തിക ത്യാഗത്തിന്റെ ചില ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളും വിവരിച്ചു. ഖുത്ബയുടെ അവസാനം തഹ്‌രീക്കെ ജദീദിന്റെ സർവലോകാടിസ്ഥാനത്തിലുള്ള സാമ്പത്തികത്യാഗങ്ങളുടെ റിപ്പോർട്ടും അവതരിപ്പിക്കുകയുണ്ടായി. അമീറുൽമുഅ്മിനീൻ വിവരിച്ച റിപ്പോർട്ടനുസരിച്ച് ഒരു കോടി ഒമ്പതു ലക്ഷത്തി മുപ്പത്തിമൂവായിരം പൗണ്ട് സ്റ്റെർലിങിന്റെ ത്യാഗം ചെയ്യാൻ ജമാഅത്തിന് തൗഫീഖ് കിട്ടിയിരിക്കുന്നു. അൽഹംദുലില്ലാഹ്. ഈ വസൂലി കഴിഞ്ഞ വർഷത്തെക്കാൾ എഴുപതു ലക്ഷത്തി പതിനേഴായിരം പൗണ്ട് അധികമാണ്. ജമാഅത്തുകളുടെ പൊസിഷന്റെ അടിസ്ഥാനത്തിൽ പാക്കിസ്താൻ മുമ്പെന്നപോലെ ഒന്നാം സ്ഥനത്താണ്. അതിനുശേഷം രണ്ടാം സ്ഥാനം ജർമനി. മൂന്ന് ബ്രിട്ടൺ, നാല് അമേരിക്ക, അഞ്ച് കാനഡ, ആറ് ഇന്ത്യാ, ഏഴ് ആസ്ത്രേലിയ, എട്ട് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, ഒമ്പത് ഇന്തോനേഷ്യാ, പത്ത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പതിനൊന്ന് ഘാന, പന്ത്രണ്ട് സ്വിറ്റ്സർലാന്റ്.

തഹ്‌രീക്കെ ജദീദിൽ മൊത്തം പതിനാല് ലക്ഷത്തി നാലായിരത്തിലധികമാളുകൾ അല്ലാഹുവിന്റെ കൃപയാൽ ചേർന്നിട്ടുണ്ട്. ഈ വർഷം തൊണ്ണൂറായിരത്തിന്റെ വർധന ഉണ്ടായിട്ടുണ്ട്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: പുതിയ ആളുകളെ പങ്കെടുപ്പിക്കുന്നതിൽ കൂടുതൽ ശ്രമിച്ച രാജ്യങ്ങൾ ബെനിൻ (Benin), നൈജീരിയ (Nigeria), മാലി (Mali), ബുർക്കിനാ ഫാസോ (Burkina Faso) , ഘാന(Ghana), ലൈബീരിയ(LIberia), സെനഗൽ(Senegal), കാമറൂൺ(Cameroon). അമീറുൽ മുഅ്മിനീൻ പറഞ്ഞു: മുഴുലോകത്തും എല്ലായിടത്തും ഈ ഭാഗത്തേക്ക് ശ്രദ്ധ കൊടുക്കേണ്ട ആവശ്യമുണ്ട്.

ഇന്ത്യയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ. (1)കരുളായ്(കേരള), (2) കാലിക്കറ്റ്(കേരള), (3)ഹൈദ്രാബാദ്(തെലുങ്കാന), (4)പത്തപ്പിരിയം(കേരള), (5) ഖാദിയാൻ, (6) കണ്ണൂർ ടൗൺ(കേരള), (7) പഴയങ്ങാടി(കേരള), (8)ദില്ലി, (9) കൊൽക്കത്ത(ബംഗാൾ), (9) സുലൂർ(തമിഴ്നാട്).

ഇന്ത്യയിലെ ആദ്യത്തെ പത്ത് സംസ്ഥാനങ്ങൾ ഇവയാണ്. (1)കേരള, (2) കർണ്ണാടക, (3)ആന്ധ്രാപ്രദേശ്, (4)തമിഴ്നാട്, (5) ജമ്മുകാശ്മീർ, (6) ഒഡീസ, (7)പഞ്ചാബ്, (8) ബംഗാൾ, (9) ദില്ലി, (9) മഹാരാഷ്ട്ര.

അമീറുൽ മുഅമിനീൻ പറഞ്ഞു. ഇന്ത്യയിൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി വലിയ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ആദ്യമിവർ വളരെ പിന്നിലായിരുന്നു.

രാജ്യങ്ങളുടെ പൊസിഷന്റെ അടിസ്ഥാനത്തിൽ ഭാരതം ആറാം സ്ഥാനത്താണുള്ളത്. ഇക്കാര്യം ഭാരതത്തിലെ ജമാഅത്തിന് സന്തോഷം പകരുകതന്നെ ചെയ്യും. തങ്ങളുടെ കഠിനപ്രയത്നത്തിന് ഫലം കിട്ടിയതുകൊണ്ടും ഭാരതം തങ്ങളുടെ കഴിഞ്ഞവർഷത്തെ സ്ഥാനം കരസ്ഥമാക്കുന്നതിൽ വിജയം വരിച്ചതുകൊണ്ടും തഹ്‌രീക്കെ ജദീദിലെ ഉദ്യോഗസ്ഥന്മാർക്കും ഓഫീസർമാർക്കും അതിയായ സന്തോഷമുണ്ടായിരിക്കും. 2010-ൽ ഭാരതം ഏഴാമത്തെ സ്ഥാനത്തായിരുന്നു. ഒരു സ്ഥാനം ഉയർന്ന് ഇപ്പോൾ ആറാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. പിന്നീടിങ്ങോട്ടു തുടർച്ചയായി ആ സ്ഥാനം നിലനിന്നുപോരികയായിരുന്നു. പക്ഷേ, 2015-ൽ നമുക്ക് ആറാമത്തെ സ്ഥാനം നിലനിറുത്താൻ സാധിച്ചില്ല. ഒരു സ്ഥാനം കുറഞ്ഞ് ഏഴാം സ്ഥാനത്ത് വന്നു. ആ വർഷം ആസ്ത്രേലിയ ഭാരതത്തെ പിന്നിൽ തള്ളിക്കൊണ്ട് ആറാം സ്ഥാനം പിടിച്ചുപറ്റി. ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ 2016 വർഷത്തിൽ ഭാരതം തങ്ങളുടെ നഷ്ടപ്പെട്ട സ്ഥാനം കരസ്ഥമാക്കിയിരിക്കുകയാണ്. അൽഹംദുലില്ലാഹ്. ഥുമ്മ അൽഹംദുലില്ലാഹ്. ഇതിന് തഹ്‌രീക്കെ ജദീദ് ഇൻസ്‌പെക്ടർമാരും ഉദ്യോഗസ്ഥരും ഓഫീസർമാരും തീർച്ചയായും ആശംസകൾക്ക് അർഹരാണ്. അവർ നല്ലവണ്ണം കഠിനാധ്വാനം ചെയ്ത് രാവും പകലും ഒന്നാക്കി തങ്ങളുടെ നഷ്ടപ്പെട്ട സ്ഥാനം വീണ്ടും കരസ്ഥമാക്കി ആശംസകൾക്ക് അർഹരായിരിക്കുന്നു. ഭാരതത്തിലെ ജമാഅത്തംഗങ്ങൾ തങ്ങളുടെ ചന്ദകളിൽ ഉചിതമായ വർദ്ധനവുണ്ടാക്കി. അത്യുത്സാഹത്തോടെ ഇതിൽ അവർ പങ്കെടുത്തു. ഇക്കാരണത്താലാണ് ഭാരതത്തിന് ലോക രാജ്യങ്ങളിൽ ആറാം സ്ഥാനം വീണ്ടും കരസ്ഥമായത്.

ഭാരതത്തിലെ ജമാഅത്ത് അംഗങ്ങളോട് അങ്ങേയറ്റം താഴ്മയോടുകൂടി പറയാനുള്ളത് ഈ ആത്മീയ പോരാട്ടം വളരെ ശക്തമാണ്. നമ്മൾ നമ്മുടെ പൂർണമായ കഴിവനുസരിച്ച് ഈ വഴിയിൽ ത്യാഗത്തിന്റെ ദൃശ്യം കാണിച്ചില്ലെങ്കിൽ ഈ ആത്മീയപോരാട്ടത്തിൽ വേറെ ഏതെങ്കിലും രാജ്യം നമ്മെ കവച്ചുവെക്കാൻ സാധ്യതയുണ്ട്. അതു നമുക്ക് വളരെയധികം ദുഃഖത്തിനും നാണക്കേടിനും കാരണമാകും. എന്നല്ല നമ്മൾ വർഷങ്ങളായിട്ട് ആറാമത്തെ സ്ഥാനത്താണ് നില്ക്കുന്നത്. വാസ്തവത്തിൽ ഇത് അഞ്ചാം സ്ഥാനമാക്കുന്നതിന് എല്ലാവിധത്തിലും നമ്മൾ പരിശ്രമിക്കേണ്ടതാണ്. അതിനുവേണ്ടി നമ്മുടെ ചന്ദകളിൽ വ്യക്തമായ വർദ്ധന ഉണ്ടാക്കേണ്ടതുമാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യുന്നവൻ ഒരിക്കലും നഷ്ടത്തിലാവുകയില്ല എന്നത് സത്യവും യഥാർഥവുമായ കാര്യമാണ്. അതുപോലെതന്നെ അവന്റെ വഴിയിൽ ത്യാഗങ്ങൾചെയ്യുന്നതുകൊണ്ട് സമ്പത്തിന് ഒരു നഷ്ടവും വരാൻ പോകുന്നില്ല. അല്ലാഹു തന്റെ കൈവശം വെക്കുക മാത്രമല്ല വർധിപ്പിച്ചുതരികയും ചെയ്യുന്നു. അമീറുൽ മുഅമിനീൻ സംസ്ഥാനങ്ങളുടെ നിലവിലെ സ്ഥാനങ്ങൾ പറഞ്ഞുകൊണ്ട് ജമാഅത്ത് അടിസ്ഥാനത്തിലുള്ള സ്ഥാനങ്ങളും പറയുകയുണ്ടായി. ഇതിന്റെ ഉദ്ദേശ്യം എന്താണെന്നുവച്ചാൽ നന്മയുടെ ഈ വഴിയിൽ സംസ്ഥാനങ്ങൾ പരസ്പരം മത്സരിച്ച് മുന്നേറാൻ ശ്രമിക്കുക എന്നാണ്. അതുപോലെ ജമാഅത്തുകളും പരസ്പരം മത്സരിച്ച് മുന്നേറേണ്ടതാണ്. അല്ലാഹു ഈ സമുദായത്തെ ഫസ്തബിഖുൽ ഖയ്റാത്ത് എന്നതിന്റെ അടിസ്ഥാനത്തിൽ നന്മകളിൽ പരസ്പരം മുന്നേറുന്നതിന് പറയുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് കർണാടകക്കാർ കേരളത്തെ പിന്നിലാക്കാൻ ശ്രമിക്കേണ്ടതാണ്. തമിഴ്നാട്ടുകാർ ആന്ധ്രക്കാരെ പിന്നിലാക്കാൻ ശ്രമിക്കേണ്ടതാണ്. ഇതുപോലെതന്നെ ജമാഅത്തുകളിൽ കാലിക്കറ്റ് കരുളായിയെ പിന്നിലാക്കാൻ ശ്രമിക്കണം. പത്തപ്പിരിയം ഹൈദരാബാദിനെ പിന്നിലാക്കാൻ ശ്രമിക്കണം. ഖാദിയാൻകാർ വാഗ്ദത്ത മസീഹിന്റെ നാട്ടിൽ വസിക്കുന്ന കാരണത്താൽ ഇവരെല്ലാവരേക്കാളും മുൻകടക്കാൻ പരിശ്രമിക്കേണ്ടതാണ്. ആത്മീയതയുടെ ഈ ദിവ്യമത്സരം വളരെ ശക്തമാണെന്ന കാര്യം ഉറപ്പാണ്. നമ്മൾ നമ്മുടെ പൂർണമായ ശക്തിയോടുകൂടി മുന്നിൽ കടക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ നമ്മുടെ ആറാം സ്ഥാനവും നിലനിറുത്താൻ പ്രയാസമായിരിക്കും. അതുകൊണ്ട് അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രം തഹ്‌രീക്കെ ജദീദിന്റെ വാഗ്ദാനങ്ങളിൽ അത്യുത്സാഹത്തോടെ പങ്കെടുക്കാൻ ഭാരതത്തിലെ ജമാഅത്തുകളോട് വളരെ വിനീതമായി അപേക്ഷിക്കുകയാണ്. അത് അടച്ചുതീർക്കുന്നതിന് അല്ലാഹുവിന്റെ സന്നിധിയിൽ ദുആയും ചെയ്യുക.

അമീറുൽ മുഅ്മിനീൻ ഇതേ ഖുത്ബയിൽ പറയുന്നു: "ലോകം മനസ്സിലാക്കുന്നത് ധനം സ്വരുക്കൂട്ടുന്നതും അത് സ്വന്തം സൗഖ്യത്തിനും സന്തോഷത്തിനും വേണ്ടി ചെലവഴിക്കുന്നതും മാത്രമേ തങ്ങളുടെ സമാധാനത്തിനും സന്തോഷത്തിനും നിമിത്തമാകുകയുള്ളുവെന്നാണ്. പക്ഷേ, ലോകത്തുള്ള അനുഗ്രഹങ്ങളും സൗകര്യങ്ങളും അല്ലാഹു മനുഷ്യനുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെങ്കിലും ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തിയിലൂടേയും ഭക്തിയിലൂടേയും നടക്കുകയും അല്ലാഹുവിനോടുള്ള കടമയും അവന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുകയുമാണെന്ന് മതത്തിന്റെ യഥാർഥമായ ഗ്രാഹ്യവും പരിചയവുമുള്ള ഒരു മുഅ്മിൻ മനസ്സിലാക്കുന്നു. യഥാർഥ സമാധാനം നന്മചെയ്യുമ്പോഴാണ് ലഭിക്കുന്നത്. ധനം സമ്പാദിച്ചുവെക്കുന്നതുകൊണ്ട് അത് ലഭിക്കുകയില്ല."

അമീറുൽ മുഅ്മിനീൻ പറയുന്നു:"ഇക്കാലഘട്ടത്തിൽ ഒരു വ്യവസ്ഥിതിക്ക് വിധേയമായി ചെലവഴിക്കുന്ന, ഇസ്‌ലാമിക പ്രചാരണത്തിന് ചെലവഴിക്കുന്ന മുഅ്മിനീംകളുടെ ജമാഅത്ത്, അഹ്‌മദിയ്യാ ജമാഅത്തുതന്നെയാണ്. ഇവിടെ വിവിധരീതിയിൽ പ്രബോധനപ്രവർത്തനങ്ങൾ നടക്കുന്നു. സൃഷ്ടികളോടുള്ള സഹതാപം കാരണത്താൽ അവരോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട് അവരിൽ ചെലവഴിക്കപ്പെടുന്നു. ബുദ്ധിമുട്ടി ഇങ്ങനെ ചെലവഴിക്കുന്ന ധാരാളമാളുകളുണ്ട്. ഈ ചെലവഴിക്കൽ അല്ലാഹുവിന്റെ സാമീപ്യം നല്കുകയും അവന്റെ തൃപ്തി കരസ്ഥമാക്കൻ ഉതകുകയും ചെയ്യുമെന്ന ദൃഢവിശ്വാസം നല്കുന്നതോടൊപ്പം അത് ശരിയായ രീതിയിൽ ചെലവഴിക്കപ്പെടുമെന്ന തൃപ്തിയുമുണ്ടാകുന്നു."(ജുമുഅ ഖുത്ബ 11-11-2016)

അമീറുൽ മുഅ്മിനീൻ ജുമുഅ ഖുത്ബയുടെ അവസാനം ത്യാഗങ്ങൾ ചെയ്യുന്നവർക്കുവേണ്ടി ഇങ്ങനെ ദുആചെയ്തു:അല്ലാഹു ഈ പങ്കെടുത്ത എല്ലാവരുടേയും ധനത്തിലും ആയുസിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ ത്യാഗങ്ങൾ സ്വീകരിക്കുമാറാകട്ടെ. ഭാവിയിലും അത്യുത്സാഹത്തോടെ ത്യാഗം ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. ഖിലാഫത്തുമായി എപ്പോഴും അവർക്ക് സുദൃഢബന്ധമുണ്ടായിരിക്കട്ടെ.

## ഇർശാദുന്നബ്‌വി(സ)

"നീ എവിടെ ആയിരുന്നാലും അല്ലുവിന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കുക. പാപകർമങ്ങളെ തുടർന്ന് നീ സർകർമങ്ങൾ ചെയ്യുക. എന്നാൽ, തെറ്റുകളെ അത് പൊറുപ്പിക്കുന്നതായിരിക്കും." (തുർമുദി)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഇർശാദുന്നബ്‌വി(സ)

"നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു."

(ബുഖാരി)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

## ഇർശാദുന്നബ്‌വി(സ)

"സ്വർഗം ഓരോരുത്തരോടും ചെരുപ്പിന്റെ വാറിനെക്കാൾ കൂടുതൽ അടുത്തിരിക്കുന്നു; അപ്രകാരംതന്നെ നരകവും."

(ബുഖാരി)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 08 December Issue-40

**MANAGER**
**NAWAB AHMAD**
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

ഹർ തരഫ് ആവാസ് ദേനാ
ഹെ ഹമാരാ കാമ് ആജ്
ജിസ് കി ഫിതറത്ത് നേക് ഹെ
ആയേഗാ വൊ അഞ്ചാമ് കാർ
(ദുർരെ ഥമീൻ)

لا إله إلا الله محمد رسول الله

അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല.
മുഹമ്മദു(സ)അല്ലാഹുവിന്റെ റസൂലാകുന്നു.

ആവോ ലോഗോ കെ യഹീ
നൂറെ ഖുദാ പാവോഗേ
ലോ തുംഹേ തൗർ തസല്ലീ
കാ ബതായാ ഹംനേ
(ദുർരെ ഥമീൻ)

**MONDAY 26TH - TUESDAY 27TH - WEDNESDAY 28TH DECEMBER 2016**

# 122nd JALSA SALANA
## ANNUAL CONVENTION QADIAN

(ജൽസ തുടങ്ങിയിട്ട് 125-ാം വർഷം)

جلسہ سالانہ

**അഖിലേന്ത്യാ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 122-ാമത് ജൽസസാലാന**

അല്ലാഹുവിന്റെ മഹത്തായ ശക്തിപ്രഭാവങ്ങളുടെ ഒരു അടയാളം

**സത്യാന്വേഷണത്തിനും ഇസ്‌ലാമികാധ്യാപനവും അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യവും അറിയുന്നതിനുമുള്ള ഉത്തമാവസരം.**

**At:**
**Mohallah Ahmadiyya Qadian.**

**2016 ഡിസംബർ 26 (തിങ്കൾ) 27 (ചൊവ്വ) 28 (ബുധൻ)**

**ഖാദിയാൻ മൊഹല്ലയിൽ**

**"ഈ ജൽസയെ സാധാരണ ജൽസകളെപ്പോലെ കണക്കാക്കരുത്. നിർമലമായ ദൈവപിന്തുണയിലും ഇസ്‌ലാമിന്റെ കലിമയുടെ ഉന്നതിയിലുമാണ് ഇതിന്റെ അടിത്തറ."**
**(മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 1 പേജ് 341 1892 ഡിസംബർ 7)**

## PROGRAM

**Besides the faith inspiring concluding address of Hazrat Mirza Masroor Ahmad Khalifatul Masih V[aba] The Supreme Head of the world wide Ahmadiyya Muslim Jamaat which is filled with deep insights and profound understanding will be telecast live on Wednesday afternoon 28 Dec. 2016, there will also be discourses by erudite scholars of Jamaat on the following topics.**

1. The Existence of God – (The concept of Oneness of God in World Religions).
2. The life and character of The Holy Prophet[SA] (from the perspective of Dispensation of justice & equity)
3. The life and character of The Promised Messiah[AS] (His passionate devotion to The Holy prophet[SA])
4. The Truthfulness of The Promised Messiah[AS] (In The light of sighs of divine support)
5. The life of The blessed companions[RA] (Hadhrat Abu Hurairah[RA] and Hadhrat Shaikh Yaqoob Ali Irfani sahib[RA])
6. Dawatilalallah (calling unto The way of Allah) and The Responsibilities of Jamaat Ahmadiyya.
7. The Unity of The Muslims and The Establishment of Global Peace are subject to The Khilafat established in The footstep of Prophethood
8. Upholding the honour of The Religious Founders is The only guarantor of global peace (in The light of The message of peace) (Speech in Punjabi)
9. The significance of The institution of Wasiyyat and its blessings (in The light of The faith inspiring incidents described by Hadhrat Amirul Momineen khalifatul Masih V[th] aba.)
10. Obedience to The institution of Khilafat and its blessings
11. Ahmadiyyat –The true Islam – (atrocities perpetrated on The Ahmadiyya Jamaat and The steadfastness and endurance exhibited by its members. )
12. The Ahmadiyya Jamaat and its Services rendered for The Holy Quran.

## പരിപാടികൾ

**അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ മിർസാ മസ്‌റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ്[അയ്യദഹുല്ലാഹു] ത്തആലായുടെ വൈജ്ഞാനികവും ഈമാൻ ദൃഢീകരിക്കുന്നതുമായ സമാപനപ്രഭാഷണത്തിനു (28ന് ബുധനാഴ്ച ഉച്ച കഴിഞ്ഞ്) പുറമെ താഴെ കാണുന്ന വിഷയങ്ങളിൽ ജമാഅത്തിന്റെ ഉലമാ പ്രഭാഷണങ്ങൾ നടത്തുന്നതായിരിക്കും.**

1. ദൈവാസ്തിക്യം (ദൈവത്തിന്റെ ഏകത്വവും ആഗോളമതങ്ങളും)
2. നബി(സ)ചരിതം (നീതിയുടേയും ന്യായത്തിന്റേയും വെളിച്ചത്തിൽ)
3. വാഗ്ദത്ത മസീഹ്(അ)ന്റെ ജീവചരിത്രം (നബി(സ)തിരുമേനിയോടുള്ള വാഗ്ദത്ത മസീഹിന്റെ അനുരാഗപരമായ വികാരം).
4. വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യം (ദൈവസഹായങ്ങളുടെ വെളിച്ചത്തിൽ).
5. സ്വഹാബാക്കളുടെ(റ) ചരിത്രം (ഹദ്റത്ത് അബുഹുറയ്റ(റ), ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബലി സാഹിബ് ഇർഫാനീ സാഹിബ്(റ))
6. ദഅ്വത്തെ ഇലല്ലായും അഹ്മദിയ്യാ ജമാഅത്തിന്റെ ഉത്തരവാദിത്വങ്ങളും
7. മുസ്‌ലീംകളുടെ ഐക്യവും ലോകസമാധാനത്തിന്റെ സ്ഥാപനവും നിബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നു.
8. മതഗുരുക്കന്മാരെ ആദരിക്കലാണ് ലോകസമാധാനത്തിന് ജാമ്യം. (പേഗാമേ സുൽഹ് എന്ന ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ - പഞ്ചാബി ഭാഷയിൽ)
9. വസിയ്യത്ത് വ്യവസ്ഥിതിയുടെ പ്രാധാന്യവും അനുഗ്രഹങ്ങളും (ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് വിവരിച്ച സംഭവങ്ങളുടെ വെളിച്ചത്തിൽ)
10. ഖിലാഫത്ത് വ്യവസ്ഥിതിയോടുള്ള അനുസരണവും അതിന്റെ അനുഗ്രഹങ്ങളും.
11. അഹ്മദിയ്യത്ത് യഥാർഥ ഇസ്‌ലാം (അഹ്മദിയ്യാ ജമാഅത്തിന്റെ മേലുള്ള അതിക്രമങ്ങളും ജമാഅത്തംഗങ്ങളുടെ ക്ഷമയും സ്ഥൈര്യവും)
12. അഹ്മദിയ്യാ ജമാഅത്തും വിശുദ്ധ ഖുർആന്റെ സേവനവും.

ജൽസ സാലാനയുടെ ഒരു യോഗം സർവമത സമ്മേളനമായി നടക്കുന്നതാണ്. ഇൻശാഅല്ലാഹ്

പ്രസംഗങ്ങളുടെ തത്സമയ പരിഭാഷ അറബി, ഇംഗ്ലീഷ്, ബംഗ്ലാ, മലയാളം, തമിഴ്, കന്നഡ, തെലുങ്കു തുടങ്ങിയ ഭാഷകളിൽ ഉണ്ടായിരിക്കുന്നതാണ്.

**അടിയന്തിര നോട്ട്:** 1. വിദേശത്തുനിന്നും പ്രതിനിധികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2. പ്രസംഗമധ്യേ ആർക്കും ചോദ്യം ചോദിക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല. 3. നമ്മുടെ സമ്മേളനം ആത്മീയവും മതപരമായതുമാണ്. ഈ പരിപാടിക്ക് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ല.

**ക്ഷണിക്കുന്നത്: നാളിർ ഇസ്‌ലാഹ് വ ഇർശാദ് ഖാദിയാൻ ഗുരുദാസ്പൂർ ജില്ല പഞ്ചാബ് ഭാരത് പിൻകോഡ്: 143 516**

**Contact Address : NAZIR ISLAH-O-IRSHAD, QADIAN, GURDASPUR DISTRICT, PUNJAB, PIN-143516**

Ph. (O) 01872-500980, Fax. 500977, Mob. 9417730907, 9417485781, 9878047444, Toll Free 180030102131


Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin